# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1110/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 19/09/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1110/2025

തീയ്യതി: 19/09/2025

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-05-2025 | 30-05-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-05-2025 | 30-05-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ

ശ്രീമതി വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി പ്രീതാ ജാസ്മിൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രഞ്ജിത് സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മോഹനൻ.വി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.അജിത് കുമാർ.വി.ആർ. | സെക്രട്ടറി | 01-04-2024 | 07-01-2025 |
| ശ്രീ.ബിനു കുമാർ സി.വി. | സെക്രട്ടറി | 08-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നേഹ റൂബൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.മൃദുല | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.രജിത.ഡി.ആർ | മെഡിക്കൽ ഓഫീസർ, FHC | 01-04-2024 | 27-02-2025 |
| ഡോ.ബിജു.ആർ.എം | മെഡിക്കൽ ഓഫീസർ, FHC | 28-02-2025 | 31-03-2025 |
| ഡോ.സുവീണ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ദീപ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീമതി സുനിത | അസിസ്റ്റന്റ് എഞ്ചിനീയർ LSGD | 01-04-2024 | 07-09-2024 |
| ശ്രീമതി ലീന ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ LSGD | 08-09-2024 | 04-01-2025 |
| ശ്രീമതി ഹിമ എസ്.യു | അസിസ്റ്റന്റ് എഞ്ചിനീയർ LSGD | 05-01-2025 | 31-03-2025 |
| ശ്രീമതി സന്ധ്യ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1) | 01-04-2024 | 31-03-2025 |
| ശ്രീമതി സരിത ചന്ദ്രൻ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2) | 01-04-2024 | 31-03-2025 |
| ശ്രീമതി രുഗ്മിണി.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 02-08-2024 |
| ശ്രീമതി ബിന്ദു.റ്റി.എസ് (ചാർജ്) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-08-2024 | 11-08-2024 |
| ശ്രീമതി സരിത.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീമതി അജിത കുമാരി | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീ.രതീഷ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 27-02-2025 |
| ശ്രീമതി സുമിന | ഡയറിഫാം ഇൻസ്ട്രക്ടർ | 28-02-2025 | 31-03-2025 |
| ശ്രീ.വേൽ മുരുകൻ.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-09-2024 |
| ശ്രീ.സന്തോഷ് കുമാർ.വി | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 01-10-2024 | 25-10-2024 |
| ശ്രീ.നൗഷാദ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-2 |
| 4 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-3 |
| 5 | പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-5 |
| 7 | സംയുക്ത പദ്ധതി-മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം-നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സംയുക്ത പദ്ധതി-ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ചില്ല | 1-1-8 |
| 10 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല | 1-1-10 |
| 12 | ബാങ്ക് അക്കൌണ്ടിന്റെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ബാങ്ക് സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-12 |
| 14 | വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. | 1-1-14 |

| | | |
|---|---|---|
| 16 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-15 |
| 17 | MGNREGS - ചെലവു കണക്കുകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-17 |
| 19 | ബജറ്റ് രൂപീകരണം - അപാകങ്ങൾ | 1-2-1 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി ആസൂത്രണം | 1-5 |
| 25 | പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകി | 1-6-1 |
| 26 | ക്ഷേമ പദ്ധതികൾ | 1-6 |
| 27 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | MGNREGS മെറ്റീരിയൽ വർക്ക് - ടി.ഡി.എസ്.ഈടാക്കിയില്ല. | 1-9-1 |
| 30 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | നികുതി/ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം തനത്ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നു | 1-11 |
| 33 | സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-12-1 |
| 34 | തൊഴിൽ നികുതി / സ്ഥാപന നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല | 1-12-2 |
| 35 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-12 |
| 36 | വസ്തുനികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നെങ്കിലും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല | 1-13-1 |
| 37 | 2023-ലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-13-2 |
| 38 | വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 1-13 |
| 39 | പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് | 1-14 |

| | | |
|---|---|---|
| | വരുത്തിയിട്ടില്ല | |
| 40 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-15 |
| 41 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 10,00,060/- രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 42 | മരുന്ന് ലഭ്യമായില്ല- 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 43 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 18,15,430/-രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 44 | ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം | 1-19 |
| 45 | വാർഷിക വരുമാനം പരിഗണിക്കാതെ സബ്സിഡി നൽകി - 17,223/-രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 46 | കുടുംബാരോഗ്യകേന്ദ്രത്തിലെ താൽക്കാലിക നിയമനങ്ങൾ - സർക്കാർ അനുമതി ലഭ്യമാക്കിയില്ല - ചെലവ് തുക 4,53,850/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 47 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-22 |
| 48 | മുൻകുറുകൾ ക്രമീകരിക്കുന്നില്ല | 1-23 |
| 49 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ അവലോകനം | 1-24 |
| 50 | ലൈഫ് ഭവന പദ്ധതി - കരാർ കാലാവധി കഴിഞ്ഞും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 51 | ഫയലുകളുടെ പരിപാലനം തൃപ്തികരമല്ല | 1-26 |
| 52 | ബയോ ബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല. 9,35,250/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 53 | ഹരിത സഹായ സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല. 44,304/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 54 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-29 |
| 55 | വനിതകൾക്ക് ഇനോക്കുലം നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം- വിനിയോഗിക്കാതെ അവശേഷിക്കുന്ന 38,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-30 |
| 56 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 15,160/- രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |

| | | |
|---|---|---|
| 57 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. 4,09,489/- രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 58 | മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-33 |
| 59 | തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചില്ല 51,283/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-34 |
| 60 | മരാമത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-35 |
| 61 | മിനി എം.സി.എഫ് സ്ഥാപിക്കൽ-ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല | 1-36 |
| 62 | അംഗൻവാടികൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ- ക്വട്ടേഷൻ തുകയേക്കാൾ കൂടുതൽ നൽകി - 5,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 7/24.5.2025) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് തയ്യാറാക്കാത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 08.05.2025 ലെ 3(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ബാലരാമപുരം** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ബാലരാമപുരം** ഗ്രാമ

പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-2 വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട് . എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി AFS-ൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-4 പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2025 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) നിലവിൽ രേഖപ്പെടുത്തുന്ന ഡിമാന്റ് യഥാർത്ഥ ഡിമാന്റിനെക്കാൾ അധികരിച്ച് പോകുന്നതിനാലാണ് ഡിമാന്റ് വർഷാരംഭത്തിൽ രേഖപ്പെടുത്താത്തതെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-6 സംയുക്ത പദ്ധതി-മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം- നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

സംയുക്ത പദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗത്തിൽ മുൻസിപ്പൽ കോർപ്പറേഷൻ വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ സോഴ്സ് ലെവൽ സെഗ്രിഗേഷൻ (Project No. 339) എന്ന പദ്ധതിയ്ക്കായി നിർവ്വഹണോദ്യോഗസ്ഥന് നൽകിയ 305069/-രൂപ ചെലവഴിച്ചതായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ ഹെഡ്കോഡ് 320700402 (Contribution For Other Specific Purposes (Revenue Exp) From Municipal Corporation ഇനത്തിൽ 3,05,069/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) നിർവ്വഹണോദ്യോഗസ്ഥന് നൽകിയ തുക അടുത്ത വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-7 സംയുക്ത പദ്ധതി-ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

സംയുക്ത പദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വൃദ്ധസദനം തുടർപ്രവർത്തനം (238/25) എന്ന പ്രവൃത്തിയ്ക്കായി പദ്ധതി ഫയൽ പ്രകാരം തൻവർഷം ചെലവഴിച്ചിരിക്കുന്ന തുക 76,700/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം ചെലവഴിച്ച തുക 10,76,804/-രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) മേൽ പ്രവൃത്തിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 10,00,104/-രൂപയുടെ റിക്വസിഷൻ തയ്യാറാക്കി ബിൽ ഉൾപ്പെടെ ട്രഷറിയിൽ നൽകിയപ്പോൾ സംയുക്ത പ്രോജക്ടായ ഈ പദ്ധതിയുടെ ചെലവിനത്തിൽ സുലേഖയിൽ തുകകൂടി ഉൾപ്പെട്ടു വന്നതാണെന്നും പദ്ധതി പൂർത്തിയാക്കി നിർവ്വഹണോദ്യോഗസ്ഥൻ ബിൽ നൽകാത്തതിനാൽ 10,00,104/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്നും ഈ തുകയുടെ വ്യത്യാസമാണ് സംയുക്ത പദ്ധതികൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ വന്നിട്ടുള്ള വ്യത്യാസത്തിന് കാരണമെന്നുമാണ് അറിയിച്ചിരിക്കുന്നത്. തൻവർഷം ചെലവഴിക്കാത്ത തുകകൾ സുലേഖ പ്രകാരം ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-8 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ചില്ല

നിക്ഷേപപ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകളിൽ 35,21,244/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ ഹെഡ്കോഡ് 460500201 പരിശോധിച്ചതിൽ 31,21,042/- രൂപയുടെ ചെലവ് മാത്രമാണ് മുൻകൂർ ഇനത്തിൽ നിന്നും ക്രമീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) ലഭിച്ച വിനിയോഗസാക്ഷ്യപത്രത്തിൽ നിന്നും Work Done ആയ പ്രവൃത്തികളുടെ ആകെ തുകയാണ്

വാർഷികകണക്കിൽ ഉൾപ്പെടുത്തിയതെന്നും Centage Charge, Publicity Charge എന്നിവയുടെ ആകെ തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-9 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള KURDFC ലോൺ ഇനത്തിലെ വരവുചെലവുകണക്കുകൾ പരിശോധിക്കുന്നതിന് ഹാജരാക്കിയ ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അതാത് വർഷങ്ങളിലെ KURDFC ലോൺ ഇനത്തിലെ വരവുചെലവുകണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**1-1-10 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റ് ആയില്ല**

1) ഇ-പേയ്മെന്റ് അക്കൌണ്ടിന്റെ (SBI -37296851063) മാർച്ച് 2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 11-09-2023 തീയതി മുതൽ 28.12.2024 വരെ 10,896/- രൂപ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു.

2) Kerala Bank Own Fund (102912803000016) March 2025 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 26.12.24 തീയതിലെ 2500/- രൂപ (500010 നം ചെക്ക്) Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത തുകകൾ ഏതിനത്തിലേതാണെന്നും, ടി തുകകൾ പഞ്ചായത്തിന്റെ വരവായി മാറ്റാത്തതിന്റെ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/24.5.2025) ഇ-പേയ്മെന്റ് അക്കൌണ്ട് 11.09.23 മുതൽ 28.12.2024 വരെയുള്ള തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റ് തുകകളുമായി റീക്കൺസിൽ ചെയ്തപ്പോൾ ബന്ധപ്പെട്ട കാലയളവിലെ തുകകൾക്ക് പകരം മറ്റ് മാസങ്ങളിലെ ആകെ തുകകളാണ് റീക്കൺസിൽ ചെയ്തതെന്നും ആയതിനാലാണ് 10896/- രൂപ നാളിതുവരെ ക്രമീകരിക്കാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച 2500/- രൂപയുടെ ചെക്കിന്റെ കാലാവധി കഴിഞ്ഞതിനാൽ റീവാലിഡേറ്റ് ചെയ്ത് ലഭിച്ചിട്ടുണ്ടെന്നും തുക പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ആകുന്നമുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-11 ബാങ്ക് അക്കൌണ്ടിന്റെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഹെൽത്ത് ഗ്രാന്റ് (Building) വിനിയോഗത്തിനായി Indian Bank (7180880611) ലുള്ള അക്കൌണ്ടിന്റെ വിശദാംശങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി അക്കൌണ്ട് ആരംഭിച്ചിരുന്നുവെങ്കിലും നാളിതുവരെയും ഒരു തുകയും പ്രസ്തുത അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യാത്തതിനാലാണ് വാർഷികകണക്കിൽ ഉൾപ്പെടാത്തതെന്നാണ് അറിയിച്ചിരിക്കുന്നത്.

**1-1-12 ബാങ്ക് സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

രസീത് ആന്റ് പേയ്മെന്റ് അക്കൌണ്ടിലെ ഷെഡ്യൂൾ Rp-40(B) പ്രകാരം Treasury Own Fund VPF2(Old) 1234 എന്ന അക്കൌണ്ടിൽ 3028/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.5.2025) പ്രസ്തുത അക്കൌണ്ട്

വർഷങ്ങൾക്കു മുൻപേ ക്ലോസ് ചെയ്തതാണെന്നും അക്കൗണ്ടിൽ ഇപ്പോൾ തുകകൾ ഒന്നും തന്നെ അവശേഷിക്കുന്നില്ലായെന്നും കാലഹരണപ്പെട്ട അക്കൗണ്ട് ആയതിനാൽ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമല്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്.

## 1-1-13 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

Income & Expenditure സ്റ്റേറ്റ്മെന്റിലെ Prior Period Income – Property Tax, എന്ന ഹെഡ് മുഖേന 23,227/- രൂപ (NON RESIDENTIAL ARREAR DEMAND) വസ്തു നികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/30.5.2025) സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി കണക്കുകളും വാർഷികകണക്കുകളിലെ വസ്തുനികുതി കണക്കുകളും പൊരുത്തപ്പെടുത്തുന്നതിനായി ജേണൽ എൻട്രി നടത്തിയതിനാലാണ് ഡിമാന്റിൽ കുറവു വന്നിട്ടുള്ളതെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത്തരം ജേണൽ എൻട്രി നടത്തുമ്പോൾ സബ് ജേണൽ ILGMS ൽ നിലവിൽ വരുന്നില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. വസ്തു നികുതി ഡിമാന്റിൽ നിന്നും 23,227/-രൂപ കുറവ് ചെയ്തതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-14 വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

Property Tax On Residential Building , Non Residential Building എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 3508765 | 3508765 | 2274521 | 2282351 | 1295956 | 1230680 |
| Property Tax On Non Residential Building-Current | 4956418 | 4956418 | 4060742 | 4073905 | 940460 | 888149 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/30.5.2025) സഞ്ചയയിൽ ഓൺലൈൻ ആയി കെട്ടിടനികുതി അടവാക്കുന്ന അവസരങ്ങളിൽ ആയത് യഥാസമയം പോസ്റ്റിംഗ് ആയി വരാത്തതും അഡ്വാൻസ് ഹെഡിൽ കെട്ടിടനികുതി രസീത് ചെയ്യുമ്പോൾ ആയതിൽ ലൈബ്രറി സെസ്സ് ഉൾപ്പെട്ടു വരാത്തതിനാലുമാണ് സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടാത്തതെന്നാണ് അറിയിച്ചിരിക്കുന്നത്.

## 1-1-15 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58( ഇ) പ്രകാരം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുണ്ട്. അടുത്ത സാമ്പത്തികവർഷം മുതൽ ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. **30/30.5.2025)** മറുപടി ലഭ്യമാക്കി. തുടർവർഷങ്ങളിൽ പ്രതിമാസം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-16 MGNREGS - ചെലവു കണക്കുകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക I-14(F) പ്രകാരം MGNREGS ഭരണ ചെലവുകൾ 2604174/- രൂപയാണ്. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരം ആയത് 2604221/- രൂപയാണ് അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/30.5.2025) MGNREGS ന്റെ എസ്.ബി.ഐ അക്കൗണ്ടിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നതിനായി ചെക്ക് നൽകിയപ്പോൾ 47/- രൂപ ബാങ്ക് ചാർജ് കുറച്ചുള്ള തുകയാണ് പഞ്ചായത്ത് തനത് ഫണ്ടിൽ ക്രഡിറ്റായിട്ടുള്ളത്. ആയത് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്കിൽ നിന്നും കുറവു വരുത്തിയിരുന്നില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-17 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ

ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1 124040252/31.08.20 | 525 | 140200110- Penalties And Fines (Ownership Change) |

ഫ്രണ്ട് ഓഫീസിൽ രസീത് ചെയ്ത Ownership Change ഫീസായ 525/- രൂപ തെറ്റായി Other Fees എന്ന ഹെഡിലാണ് എടുത്തിട്ടുള്ളതെന്നും ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്നും മറുപടിയായി (നം. **30/30.5.2025)** അറിയിച്ചിരിക്കുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

1) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും

ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥർക്കും നൽകുന്നതും ആയതുകൂടി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതുമാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (14/ 27.05.25) മറുപടി നൽകിയിട്ടുണ്ട്.

2)02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/27.05.25) അടുത്ത സാമ്പത്തിക വർഷം മുതൽ നിശ്ചിത മാതൃകയിൽ വരവ്/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 09.02.24 | 20.02.2025 |
| തീരുമാനം | 1/1 | 3(1) |
| മുന്നിരിപ്പ് | 13728077 | 13728077 |
| വരവ് | 482094670 | 556833541 |
| ആകെ | 495822747 | 570561618 |
| ചെലവ് | 491876050 | 566934623 |
| നീക്കിയിരിപ്പ് | 3946697 | 3626995 |

## 1-3 സാമ്പത്തിക വിശകലനം

(രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29468050 |
| ഓഡിറ്റ് വർഷത്തെ വരവ് | 79800031 |
| ആകെ | 109268081 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66991611 |

| | |
|---|---|
| നീക്കിയിരിപ്പ് | 42276470 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1.A) ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 35402595 | 6430987 | 18% |
| | പട്ടിക ജാതി | 1350000 | 1050000 | 77.78% |
| സേവനം | പൊതുവിഭാഗം | 73195874 | 36554557 | 49.94% |
| | പട്ടിക ജാതി | 18349400 | 8144803 | 44.32% |
| പശ്ചാത്തലം | പൊതുവിഭാഗം | 30990437 | 11840063 | 38.21% |
| | പട്ടിക ജാതി | 2729158 | 1192464 | 43.69% |

എല്ലാ മേഖലകളിലും (പട്ടികജാതി വിഭാഗത്തിന് ഉല്പാദനമേഖലയിൽ ഒഴികെ) വകയിരുത്തിയ തുക 50 ശതമാനം പോലും ചെലവഴിച്ചതായി കാണുന്നില്ല

B) സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. കൂടാതെ കുട്ടികൾ, വൃദ്ധർ എന്നീ വിഭാഗങ്ങളിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2973000 | 1381500 | 46.47 |
| കുട്ടികൾ | 1215000 | 515000 | 42.39 |
| വൃദ്ധർ | 5086006 | 1927364 | 37.9 |

2) B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

| ഹെഡ്ഡ് കോഡ് | ഇനം | തുക |
|---|---|---|
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 13,031 |
| 320700202 | Contributions For Joint Venture Projects (For Revenue Expenditure) - From Municipal Corporations | 3,80,000 |
| 320700302 | Contributions For Other Specific Purposes (For Capital Expenditure) - From Municipal Corporations | 2,15,110 |

3) വിവിധ ഫണ്ട് ഇനത്തിൽ, എ.സി.ആർ, എ.എഫ്.എസ്. എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 10307775 | 10253870 |
| വികസന ഫണ്ട് (CFC Tied) | 2562191 | 2271329 |
| വികസന ഫണ്ട് (CFC Untied) | 2029663 | 2242774 |

സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾക്ക് അടങ്കൽ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ തുക ഉൾപ്പെടുത്താത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19532631 | 26045683 | -6513052 |
| വികസനഫണ്ട് (എസ് സി പി) | 0 | 9986988 | 8922267 | 1064721 |
| മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 11832000 | 9520447 | 2311553 |
| മെയിന്റൻസ് ഗ്രാന്റ് ( റോഡ്) | 0 | 12884000 | 6306800 | 6577200 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 0 | 10165411 | 2450021 | 7715390 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | 0 | 4529368 | 2029663 | 2499705 |
| സംസ്ഥാ നാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 3787408 | -3787408 |

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.
2)വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ(സി.എസ്.എസ്), മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3)വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവ്വഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത(ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.
4)ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ(സി.എഫ്.സി Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി ആസൂത്രണം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 17 | 0 | 3280360 | 3158360 | 96.28 |
| വെറ്ററിനറി സർജൻ | 16 | 15 | 1 | 2848368 | 1893339 | 66.47 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 24 | 21 | 3 | 8267083 | 6161273 | 74.53 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 6 | 6 | 0 | 540000 | 540000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 0 | 1618767 | 1618700 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 34 | 27 | 7 | 40188875 | 14403964 | 35.84 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 15 | 2 | 9518583 | 8520843 | 89.52 |
| സെക്രട്ടറി | 48 | 25 | 23 | 47873935 | 11659456 | 24.35 |
| ഹെഡ്മാസ്റ്റർ | 7 | 5 | 2 | 1340000 | 631148 | 47.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 143 | 60 | 83 | 43065375 | 14443004 | 33.54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 3809576 | 1849727 | 48.55 |
| അസി.സെക്രട്ടറി | 19 | 14 | 5 | 6539753 | 4517413 | 69.08 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 24000 | 24000 | 100 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27976057 | 26045683 | 93.1 |
| എസ്.സി.പി. | 12177158 | 8922267 | 73.27 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14997125 | 4479684 | 29.87 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 35945886 | 3787408 | 10.54 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 13700000 | 0 | 0 |
| തനത് ഫണ്ട് | 13943482 | 4629233 | 33.2 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 10252601 | 4894113 | 47.74 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5736120 | 710000 | 12.38 |
| മെയിന്റനൻസ് റോഡ് | 12699676 | 6306800 | 49.66 |
| മെയിന്റനൻസ് നോൺ റോഡ് | 13128478 | 9520447 | 72.52 |
| മറ്റുള്ളവ | 37801191 | 3313830 | 8.77 |

2)പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 339 | 213 | 126 | 162017464 | 69421227 | 42.85 |

3)ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 01.12.2023 1/1 ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ ആസൂത്രണസമിതിയിൽ 18 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2024-25 വാർഷിക പദ്ധതി രൂപീകരണത്തിനായി 05.01.2024ന് 8 പേർ പങ്കെടുത്ത യോഗം കൂടിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ ചുമതലകൾ നിർവഹിച്ചതായി ആസൂത്രണ സമിതി മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

4)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക , വർക്കിംഗ് ഗ്രൂപ്പ് , വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങിയ വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളും 24-25 വർഷത്തെ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല. അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ ഗുണമേന്മ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യുന്നതിലൂടെ പ്രോജക്ടുകളുടെ

ഗുണമേന്മ ഉറപ്പുവരുത്താൻ സാധിക്കുന്നു. ആയതിനാൽ മോണിറ്ററിംഗ് ഫലപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)സ്റ്റാറ്റസ് റിപ്പോർട്ട്.

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

## 1-6-1 പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകി

മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| പെൻഷണറുടെ പേര് | പെൻഷണർ ഐഡി | പെൻഷൻ ഇനം | പെൻഷൻ തുക | സ്റ്റാറ്റസ് | അവസാനമായി പെൻഷൻ നൽകി യിരിക്കുന്ന മാസം | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| ശ്രീമതി | 102760200778 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1600 | ആക്ടീവ് | ജനുവരി 2025 | 11-12-2024 | 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക ബാങ്കിന് കൈമാറി എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. |
| രാജമ്മ | 102760200664 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1600 | ആക്ടീവ് | മാർച്ച് - 2025 | 22-11-2024 | തുക സഹകരണ ബാങ്കിന് കൈമാറി |
| സുശീല പി | 102760201084 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1600 | ആക്ടീവ് | ജനുവരി 2025 | 20-11-2024 | 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക ബാങ്കിന് കൈമാറി എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. |
| എ.സുബ്ര ഹ്മണ്യൻ | 102760200729 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1600 | സസ്പെൻഡ് | ജനുവരി 2025 | 8-7-2024 | 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക ബാങ്കിന് കൈമാറി എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| മുഹമ്മദ്മുസ്തഫ | 102760202857 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1600 | ആക്റ്റീവ് | മാർച്ച് - 2025 | 19-11-2024 | തുക സഹകരണ ബാങ്കിന് കൈമാറി |

മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 29 വഴി അന്വേഷിച്ചതിന് ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്തിട്ടില്ലാത്തതിനാലാണ് സസ്പെൻഷൻ നടപടികൾ ഉടനടി സ്വീകരിക്കാൻ സാധിക്കാതിരുന്നതെന്നും അടിയന്തിരമായി 2024-25 ലെ മരണപ്പെട്ടവരുടെ രജിസ്ട്രേഷൻ ലിസ്റ്റ് എടുത്ത് പെൻഷൻ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്യുന്നതാണെന്നും മറുപടി അറിയിച്ചിട്ടുണ്ട്. മരണ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ മുഴുവനായി പരിശോധിച്ച് മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2024-25 വർഷം ബാലരാമപുരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 6,480 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 24,44,800 |
| 3 | വിധവ പെൻഷൻ | 2,43,38,600 |
| 4 | വാർദ്ധക്യകാല പെൻഷൻ | 5,34,98,500 |
| 5 | വികലാംഗ പെൻഷൻ | 71,69,600 |
| 6 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,42,200 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 30.05.2025 തീയതിയിൽ രാവിലെ 11 മണിക്ക് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42/- രൂപയുടെ (നാൽപ്പത്തി രണ്ട്) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1.ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

2.2024-25 വർഷത്തിൽ എല്ലാ വാർഡുകളിലും രണ്ട് ഗ്രാമസഭയാണ് കൂടിയിട്ടുള്ളത് . 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് ഗ്രാമസഭായോഗങ്ങൾ കൂടിയിട്ടുള്ളത് എന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 13 പ്രകാരം കുറഞ്ഞ പക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ യോഗം ചേരേണ്ടതാണ്.

3.നികുതി/ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം തനത്ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നു. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു.
- വസ്തു നികുതി ഇനത്തിൽ ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനു RR നടപടികൾ സ്വീകരിച്ചിട്ടില്ല. 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd ഉത്തരവ് പ്രകാരം 2023-ലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാൻ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെയായി ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശിച്ച വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
- ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല. കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.വാർഷിക പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും തുടർസംരക്ഷണം ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

5.ഡെപ്പോസിറ്റ് പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് നിർവ്വഹണ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-9-1 MGNREGS മെറ്റീരിയൽ വർക്ക് - ടി.ഡി.എസ്.ഈടാക്കിയില്ല.

വെള്ളരിപറമ്പ് റോഡ് നിർമ്മാണം എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ കരാറുകാരനായ ശ്രീ.മണി സുരേഷ് കുമാർ 344998/- രൂപ കൈപ്പറ്റിയിട്ടുണ്ട്. (FTPAYREQ2603202516692 തീ. 26.03.25) 2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs –ന്റെ 13.09.2018- ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ , കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 – ലെ

സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി (TDS) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തി പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. ഈ തുകയിൽ നിന്നും TDS ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-24/2025 തീ. 29.05.2025) 2% ജി.എസ്.ടി തുകയായ 6899/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ലെന്നും ഇത് സംബന്ധിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-9 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (AFS) പ്രകാരം | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2604222 | 2604222 | 2604174 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 52062330 | 52062330 | 52062330 | 0 |
| ആകെ | 0 | 54666552 | 54666552 | 54666504 | 0 |

ചെലവു കണക്കുകൾ രജിസ്റ്ററും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-16ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.06.2022 മുതൽ 16.06.2022 വരെ | 1.08.2021 മുതൽ 31.03.2022 വരെ | 08.08.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2017 മുതൽ 23.03.2017 വരെ | 2011/12 മുതൽ 2015/2016 വരെ | 5.5.2017 |

## 1-11 നികുതി/ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് കാരണം തനത്ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നു

ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി/നികുതിയേതര വരവുകൾ 83,56,946/- രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | കുടിശ്ശിക തുക |
|---|---|
| Receivables For Property Tax On Residential Buildings(Current) | 12,95,956 |
| Receivables For Property Tax On Residential Buildings (Arrears) | 10,06,174 |
| Receivables For Property Tax On Non-Residential Buildings (Current) | 9,40,460 |
| Receivables For Property Tax On Non-Residential Buildings (Arrears) | 7,54,837 |
| Receivables For Profession Tax - Institutions (Current) | 20,000 |
| Rent Receivables From Buildings(Current) | 2,05,476 |
| Rent Receivables From Buildings(Arrears) | 8,63,579 |

| | |
|---|---|
| Receivables Towards Market Receipts(Arrears) | 29,62,449 |
| Receivables Towards Public Comfort Stations Receipts(Arrears) | 3,08,015 |
| ആകെ | 83,56,946 |

നാളിതുവരെ ഇതിൽ എത്ര രൂപ പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട് എന്ന വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.12/24-05-2025 വഴി ആവശ്യപ്പെട്ടെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(കൈ)നം.179/2022/ധന ഉത്തരവ് പ്രകാരം നികുതികൾ പിരിച്ചെടുക്കുന്നതിലെ വീഴ്ച കാരണം 2,63,170/- രൂപ വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിന്റെ കാരണം, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ഓഡിറ്റ് എൻക്വയറി നം.12/24-05-2025 വഴി അന്വേഷിച്ചതിന് 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷണൽ നികുതി പിരിച്ചെടുക്കുന്നതിന് തൊഴിൽ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കെട്ടിട നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഡിമാന്റ് നോട്ടീസും അരിയർ ഡിമാന്റ് നോട്ടീസും കുടുംബശ്രീ/ ഹരിതകർമ്മസേന എന്നിവർ വഴി വിതരണം ചെയ്തിട്ടുണ്ടെന്നും മാർക്കറ്റ് , കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ കുടിശ്ശിക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസും റവന്യൂ റിക്കവറി നോട്ടീസും നൽകിയിട്ടും തുക അടവാക്കാത്തതിനാൽ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഓൺലൈൻ സൈറ്റ് മുഖേന ചെയ്തിട്ടുണ്ടെന്നും മറുപടി നൽകി. മുഴുവൻ കുടിശ്ശിക തുകയും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-1 സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണമായ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 16 വഴി ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല എന്നും ആയത് തയ്യാറാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രസ്തുത വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി / സ്ഥാപന നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | സ്നേഹ ഹോസ്പിറ്റൽ ബാലരാമപുരം | 2024-25 2nd Half |
| 2 | ട്രിവാൻഡ്രം സ്പിന്നിംഗ് മില്ല് Ltd, ബാലരാമപുരം | 2024-25 2nd Half |
| 3 | ശ്രീ ഗോകുലം ചിറ്റ്സ് & ഫിനാൻസ് കോ. (P) Ltd ബാലരാമപുരം | 2024-25 2nd Half |
| 4 | DVUPS Thalayal | 2024-25 2nd Half |
| 5 | V കാശിലിംഗം ഹാൻഡ്‌ലൂം ഹൌസ് ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 6 | Melker ഫിനാൻസ് & ലീസിങ് Pvt Ltd ബാലരാമപുരം | 2024-25 1st & 2nd Half |
| 7 | V കാശിലിംഗം ഹാൻഡ്‌ലൂം ക്ലോത്ത് മെർച്ചന്റ് ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 8 | ബാലരാമപുരം പഞ്ചായത്ത് റെസിഡൻസ് വെൽഫയർ കോ - ഓപ്പറേറ്റീവ്<br>സൊസൈറ്റി Ltd ബാലരാമപുരം | 2024-25 2nd Half |
| 9 | കുഴിവിള ടെക്സ്റ്റൈൽസ് ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 10 | അഭിഷേകം ജ്വല്ലേഴ്സ്, മെയിൻ റോഡ് ബാലരാമപുരം | 2024-25 2nd Half |
| 11 | സോനാ ജ്വല്ലേഴ്സ് ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 12 | രേവതി ക്ലിനിക് ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 13 | ആർഷ നിധി Ltd ബാലരാമപുരം | 2024-25 2nd Half |
| 14 | അഭിഷേകം ജ്വല്ലേഴ്സ്, വിഴിഞ്ഞം റോഡ് ബാലരാമപുരം | 2024-25 2nd Half |
| 15 | ചിത്ര സിൽക്സ്, ബാലരാമപുരം | 2022-23, 2023-24, 2024-25 |
| 16 | പ്രസിഡന്റ്/സെക്രട്ടറി/ചാർജ് ഓഫീസർ, ഹരിത കർമ സേന & VEO, ബാലരാമപുരം GP | 2023-24, 2024-25 |
| 17 | Ned Star ബാലരാമപുരം | 2024-25 1st & 2nd Half |
| 18 | അനുഗ്രഹ ചാരിറ്റബിൾ ട്രസ്റ്റ് ബാലരാമപുരം | 2023-24, 2024-25 |
| 19 | KLM Axiva Fin Vest ബാലരാമപുരം | 2023-24, 2024-25 |
| 20 | വിങ്സ് അക്കാദമി ബാലരാമപുരം | 2024-25 2nd Half |
| 21 | Subbiah Jewellers ബാലരാമപുരം | 2023-24, 2024-25 |
| 22 | KFC ബാലരാമപുരം | 2024-25 2nd Half |

| | | |
|---|---|---|
| 23 | സുപ്രിയ ഏജൻസിസ്, മെയിൻ റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 24 | സുപ്രിയ ഏജൻസിസ്, വിഴിഞ്ഞം റോഡ്, മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, ബാലരാമപുരം | 2023-24, 2024-25 |
| 25 | സുപ്രിയ ഏജൻസിസ്, വിഴിഞ്ഞം റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 26 | Lenskart, മെയിൻ റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 27 | പീറ്റർ ഇംഗ്ലണ്ട്, മെയിൻ റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 28 | ശ്രീ മൂകാംബിക ഡെന്റൽ സ്ക്വയർ ബാലരാമപുരം | 2023-24, 2024-25 |
| 29 | ശ്രീ മൂകാംബിക മെഡിക്കൽസ് ബാലരാമപുരം | 2023-24, 2024-25 |
| 30 | ശ്രീ മൂകാംബിക സിൽക്സ് ബാലരാമപുരം | 2023-24, 2024-25 |
| 31 | ശ്രീ മൂകാംബിക ഓട്ടോ മൊബൈൽസ് ബാലരാമപുരം | 2023-24, 2024-25 |
| 32 | ബിസ്മി ജ്വല്ലേഴ്സ് ബാലരാമപുരം | 2023-24, 2024-25 |
| 33 | അമീർ ടെക്സ്റ്റയിൽസ് ബാലരാമപുരം | 2023-24, 2024-25 |
| 34 | ബിസ്മി ഹോട്ടൽ ബാലരാമപുരം | 2024-25 2nd Half |
| 35 | അയ്യപ്പാ ഫാഷൻ ജ്വല്ലേഴ്സ് ബാലരാമപുരം | 2023-24, 2024-25 |
| 36 | യൂണിയൻ കോളേജ് ബാലരാമപുരം | 2024-25 2nd Half |
| 37 | പാലാഴി ബേക്കറി, കാട്ടാക്കട റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 38 | പാലാഴി ബേക്കറി, മെയിൻ റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 39 | Dr. Thanappa Pillai, ഡെന്റൽ ക്ലിനിക് ബാലരാമപുരം | 2023-24, 2024-25 |
| 40 | SRS ഹോസ്പിറ്റൽ, Panayarakkunnu ബാലരാമപുരം | 2024-25 1 St & 2nd Half |
| 41 | റോയൽ ട്രേഡേഴ്സ്, Panayarakkunnu ബാലരാമപുരം | 2024-25 2nd Half |
| 42 | മെഡ് വിങ് മെഡിക്കൽ കെയർ സെന്റർ, വിഴിഞ്ഞം റോഡ് ബാലരാമപുരം | 2024-25 2nd Half |
| 43 | പോപ്പുലർ ഗ്രാനൈറ്റ് & ടൈൽസ്, വിഴിഞ്ഞം റോഡ് ബാലരാമപുരം | 2023-24, 2024-25 |
| 44 | ARR ഇംഗ്ലീഷ് മീഡിയം സ്കൂൾ ബാലരാമപുരം | 2023-24, 2024-25 |
| 45 | മെഡിടെക് ഫാർമ ബാലരാമപുരം | 2023-24, 2024-25 |
| 46 | SVH ഹോസ്പിറ്റൽ, തേമ്പാമുട്ടം ബാലരാമപുരം | 2023-24, 2024-25 |

കുടിശ്ശിക ഈടാക്കി അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 നുള്ള മറുപടിയിൽ മുഴുവൻ തൊഴിൽ നികുതി കുടിശ്ശികയും ഈടാക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. നികുതി കുടിശ്ശിക പൂർണ്ണമായി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-13-1 വസ്തുനികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നെങ്കിലും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ

## സ്വീകരിച്ചിട്ടില്ല

വസ്തു നികുതി ഇനത്തിൽ ഭീമമായ നികുതി-കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനു RR നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 39,97,427/- രൂപയാണ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 27 വഴി അന്വേഷിച്ചതിന് 2024-25 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസും അരിയർ ഡിമാന്റ് നോട്ടീസും എല്ലാ കെട്ടിട ഉടമകൾക്കും നൽകിയിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വേണ്ട തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-2 2023-ലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd ഉത്തരവ് പ്രകാരം 2023-ലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാൻ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

A. ഓരോ വർഷവും വസ്തുനികുതി 5% കൂട്ടുന്നതിനായി ഡിമാൻഡ് നോട്ടീസ് ഫോറം 9 A യിൽ ഉടമയ്ക്ക് നൽകണം.

B . എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന 30/6/2023-ൽ പൂർത്തീകരിക്കണം.

C. പരിശോധനയ്ക്കും ഡേറ്റാ എൻട്രിയ്ക്കും ഒരു കെട്ടിടത്തിന് പരമാവധി 30/-രൂപ തനത് ഫണ്ടിൽനിന്നും ചെലവഴിക്കാം.

D. പരിശോധനയ്ക്കും ഡേറ്റാ എൻട്രി നടത്തുന്നതിനുമായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വേയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിക്കേണ്ടതാണ്.

E. സോഫ്റ്റ് വെയറിൽചേർക്കുന്ന മുറയ്ക്ക് 10%കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തണം.

വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാൻ സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റ് എൻക്വയറി നം. 27 വഴി ആവശ്യപ്പെട്ടതിന് ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ പുതുക്കിയ വസ്തു നികുതി 18-08-2023 ലെ സാധാരണ യോഗത്തിലെ 5(1) ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും എല്ലാ കെട്ടിട ഉടമകൾക്കും ഫോറം 9 എ വിതരണം നടത്തിയിട്ടുണ്ടെന്നും മറുപടി നൽകി. എന്നാൽ ഫീൽഡ് തല പരിശോധന നാളിതുവരെ പൂർത്തിയായിട്ടില്ല. ഫീൽഡ് തല പരിശോധന നടത്തി കെട്ടിട ഉടമയ്ക്ക് സമർപ്പിക്കേണ്ട 9 സി ഫോം , 9 സി ഫോമിന്മേൽ കെട്ടിട ഉടമ ആക്ഷേപം സമർപ്പിക്കേണ്ട 9 ഡി ഫോം എന്നിവ സോഫ്റ്റ്വെയറിൽ ലഭ്യമായിട്ടില്ലെന്നും 9 ഡി ഫോമുകൾ നിലവിൽ സിറ്റിസൺ പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ കമ്മിറ്റി കൂടാൻ കഴിഞ്ഞില്ലെന്നും അറിയിച്ചു. ആദ്യ ഘട്ട ഫീൽഡ് തല പരിശോധന പൂർത്തിയാകാത്തതിനാൽ സെക്രട്ടറി നേരിട്ട് പരിശോധന നടത്തിയിട്ടുമില്ല .

നാളിതുവരെയായി ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച നികുതി പരിഷ്കരണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

വസ്തു നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-14 പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്നും വാണിജ്യാവശ്യത്തിന് കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും വിധമാണ്.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 2641 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 389 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 88 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 77 |
| 7 | റിസോർട്ടുകൾ | 1 |
| 8 | വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 21 |
| 9 | വാണിജ്യാവശ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെയുള്ളവ | 21 |
| 10 | വാണിജ്യാവശ്യം- 500 ച.മീ മുകളിൽ | 5 |
| | ആകെ | 3317 |

മേൽപ്പറഞ്ഞ പ്രകാരം (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം) പഞ്ചായത്തിൽ നിന്നും വാണിജ്യാവശ്യത്തിന് കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളുടെ എണ്ണം 3300-ലധികമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ 407 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി നമ്പർ അനുവദിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരല്ലാത്തവർ ഒഴികെ) ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 26 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുകയും പ്രസ്തുത നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 407 സ്ഥാപനങ്ങൾക്കാണ് 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. പഞ്ചായത്ത് തയ്യാറാക്കിയ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 390 വാണിജ്യ സ്ഥാപനങ്ങളുടെ വിവരം

മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 26 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 10,00,060/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

**1. കുരുമുളക് കൃഷി വികസനം (Proj. No.237/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.75000/- |
| ചെലവ് തുക | രൂ.75000/-(Try.Bill No.4/25 Dtd 12.6.24) |

**2. പച്ചക്കറി വികസനം (Proj.No.233/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.125800/- (വികസന ഫണ്ട്), മറ്റുള്ളവ – രൂ.110000/- |
| ചെലവ് തുക | രൂ.125800/- (Try.Bill No.13/25, Dtd 12.06.24, Try.Bill No.14/25. Dtd 22.07.24) |

3. **തെങ്ങ് കൃഷി വികസനം(SO)(Proj.No.235/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.225025/- (150000 – വികസന ഫണ്ട് ജനറൽ + 75025 – മറ്റുള്ളവ) |
| ചെലവ് തുക | രൂ.150000/- Try Bill No.7/25 Dtd 12.6.24, Try.Bill No.8/25 Dtd 12.6.24 |

**4. വാഴകൃഷി വികസനം (SO)(Proj.No.231/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.237894/- (199560 – വികസനഫണ്ട് ജനറൽ + 38334 – മറ്റുള്ളവ) |
| ചെലവ് തുക | രൂ.199560/- (Try Bill No.11/25 Dtd 12.06.24 Amt. Rs.94320/-,<br>Try Bill No.12/25 Dt.12.06.24 Amt. Rs.5760/-,<br>Try Bill No.3/25 Dtd 12.06.24 Amt. – Rs.99480 /-) |

**5. ഹരിതഭവനം ബാലരാമപുരം (Proj.No.151/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.179450 /- (70,000/ – വികസന ഫണ്ട് ജനറൽ + 70,000/- ജില്ലാ പഞ്ചായത്ത് വിഹിതം + 39,450 ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | രൂ.149700/- (Try Bill No. 10/25 Dtd 12.6.24 Amt – Rs.70000/-,<br>Try Bill No. 17/25 Dtd 17.12.24 Amt – Rs.70000/-,<br>Ch. No.0056/25.2.2025 Amt. Rs.9700/- |

പ്രസ്തുത പ്രോജക്ടിന്റെ സുലേഖ പ്രകാരമുള്ള ചെലവ് 179450/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം ഇനത്തിൽ ലഭിച്ച 29750/- രൂപ ചെലവഴിച്ചിട്ടില്ല.

**6. ഇടവിളകൃഷി വികസനം(SO)(234/25)**

| | |
|---|---|
| അടങ്കൽ തുക | രൂ.300000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക | രൂ.300000/- (Try Bill No.1 /25 Dtd 12.6.24 Amt- Rs.90000/-,<br>Try Bill No. 2 /25 Dtd 12.6.24 Amt – Rs.90000 /-, |

| | |
|---|---|
| | Try Bill No. 5 / 25 Dtd 12.6.24 Amt – Rs.60000 /-,<br>Try Bill No. 6/ 25 Dtd 12.6.24 Amt – Rs.60000/-) |

മേൽ പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.25/25ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 മരുന്ന് ലഭ്യമായില്ല- 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു

***പ്രോജക്ടിന്റെ പേര് – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (SOOO8/25)***

***അടങ്കൽ തുക – രൂ.350000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)***

***ചെലവ് തുക – രൂ.350000/- (TRY Bill No.4/2024-25 Dtd 18.07.24)***

***നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡി. ഓഫീസർ(ഹോമിയോ)***

2024-25 സാമ്പത്തിക വർഷം മെഡി. ഓഫീസർ(ഹോമിയോ) നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ" പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് 350000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ (Ag. No.HCO/SA/140/22 Dtd 11.11.22) തുക കൈപ്പറ്റി (RT.No.9265 Dtd 02.08.24) 9 മാസത്തിനകം മരുന്ന് ലഭ്യമാക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. കരാർ തീയതി പൂർത്തീകരിച്ചിട്ടും മരുന്ന് ലഭ്യമാക്കാത്തതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 5/25/ തീ.23.05.25)യുടെ മറുപടിയിൽ അടിയന്തിരമായി മരുന്ന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചു. മരുന്ന് ലഭ്യമായി, ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 18,15,430/-രൂപ തടസ്സപ്പെടുത്തുന്നു

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ/ഫണ്ടിനം | അടവാക്കിയ തുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | IKM-ന് തുക നല്കൽ (SOO2/25)<br>അടങ്കൽ/ചെലവ് – രൂ.119413/- വികസന ഫണ്ട് (ജനറൽ) | Bill No.72/25/04.07.24<br>Amt-119413 | IKM ഡയറക്ടർ |
| 2 | SSA വിഹിതം നല്കൽ (SOO3/25)<br>അടങ്കൽ/ചെലവ് – രൂ.600000/- വികസന ഫണ്ട് (പൊതു വിഭാഗം) | Bill No.70/25/04.07.24<br>Amt-600000 | BRC |
| 3 | SSA വിഹിതം നല്കൽ – എസ്. സി. (SOO6/25)<br>അടങ്കൽ/ചെലവ് – രൂ.400000/- (എസ്.സി.പി.) | Bill No.71/25/04.07.24<br>Amt-400000 | BRC |

| | | | |
|---|---|---|---|
| 4 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ (SO448/25)<br>അടങ്കൽ – രൂ.500000/-<br>ചെലവ് – രൂ.47666/-<br>(എസ്.സി.പി.) | Bill No.707/19.03.25<br>Amt-47666 | KSEB |
| 5 | ലൈൻ എക്സ്റ്റൻഷൻ & പോസ്റ്റ് ഷിഫ്റ്റിംഗ്<br>(SO374/25)<br>അടങ്കൽ – രൂ.700000/-<br>ചെലവ് – രൂ.648351/- | Bill No.615/10.03.25<br>Amt-33779<br>Bill No.699/17.03.25<br>Amt-112521<br>Bill No.584/07.03.25<br>Amt-502051 | KSEB |
| | | **ആകെ-1815430** | |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച **18,15,430/-** രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 6/25ന് മറുപടിയിൽ തുക അടവാക്കിയ സ്ഥാപനങ്ങളിൽ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഇടമനക്കുഴി എന്ന പ്രദേശത്താണ് പഞ്ചായത്തിലെ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. 1999–ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. 32 ആൺകുട്ടികളും 12 പെൺകുട്ടികളുമായി ആകെ 44 കുട്ടികൾ ഉണ്ട്. സ്ഥാപനത്തിന് റോഡ് സൗകര്യം ഉണ്ട്. 2024-25 വർഷത്തിൽ ആകെ 3 രക്ഷാകർതൃ യോഗങ്ങൾ നടന്നിട്ടുണ്ട്. 7 സീറ്റിംഗ് കപ്പാസിറ്റിയുള്ള Mahindra Marazzo String വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. 25 വിദ്യാർത്ഥികൾ ഈ വാഹനസൗകര്യം ഉപയോഗിക്കുന്നുണ്ട്. G.O(M.S).148/09/LSGD, തീ.29.07.2009 പ്രകാരം ഒരു കുട്ടിക്ക് 40 Square Feet എന്ന തോതിൽ കെട്ടിട സൗകര്യം ആവശ്യമാണെന്നിരിക്കെ, പഞ്ചായത്തിലെ ബഡ്സ് സ്കൂൾ കെട്ടിടത്തിന് 1700 Sq. Feet വിസ്തൃതിയാണുള്ളത്. 5 സെന്റ് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. റാമ്പ് സൗകര്യമുള്ള 2 ക്ലാസ്സ് മുറികളാണ് ഉള്ളത്.

സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ./തീ.28.05.2022ലെ മാർഗ്ഗരേഖ ഖണ്ഡിക 7.18ൽ പ്രതിപാദിച്ചിട്ടുള്ള D. Ed. Speical Education (Mental Retardation) വിദ്യാഭ്യാസ യോഗ്യതയുള്ള 2 അദ്ധ്യാപകരും ഒരു ആയയും ഒരു പാചക തൊഴിലാളിയും ജോലി ചെയ്യുന്നുണ്ട്. 1:15 ആണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം. ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ, തുടങ്ങിയവരുടെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 2 വീതം പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. ഭക്ഷണമുറി, സ്റ്റോർ, അടുക്കള, വിനോദ മുറി/സ്ഥലം എന്നീ സൗകര്യങ്ങൾ ഉള്ള ഈ കെട്ടിടത്തിൽ ഓഡിയോളജി മുറി, ഫിസിയോതെറാപ്പി മുറി, ഓഫീസ് മുറി, ഒക്യൂപ്പേഷണൽ തെറാപ്പി & കൗൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലന മുറി എന്നീ സൗകര്യങ്ങൾ ഇല്ലാത്തത് ഒരു പോരായ്മയാണ്. ബഡ്സ് സ്കൂൾ ടീച്ചർക്ക് 32560/-യും ആയയ്ക്ക് 18390/- രൂപയും പ്രതിമാസ വേതനമായി നൽകുന്നുണ്ട്.

2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് തനത് ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവയിൽ ലഭിച്ച ആകെ ഫണ്ട് 1873396/- രൂപയാണ്. കൂടാതെ കുടുംബശ്രീ മുഖേന 5000/- രൂപയും ലഭിച്ചിട്ടുണ്ട്. 2024-25

വർഷത്തിൽ MLA/MP ഫണ്ട്, സംഭാവന, മറ്റ് വരവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ആകെ ചെലവ് 1711964/- രൂപയാണ്. സ്ഥാപനത്തിന് തനത് ഫണ്ട്/പ്ലാൻ ഫണ്ട് കൂടാതെ മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ വികസന സമിതി മുഖാന്തിരം സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 13/25/തീ. 26.05.25.).

## 1-20 വാർഷിക വരുമാനം പരിഗണിക്കാതെ സബ്സിഡി നൽകി - 17,223/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 249/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി |
| അടങ്കൽ തുക | 443475/- (വികസന ഫണ്ട് ജനറൽ)<br>766101/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>500000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ 1709576/- |
| ചെലവ് തുക | 443475/-(വികസന ഫണ്ട്)<br>164083/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ 607558/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറിഫാം ഇൻസ്ട്രക്ടർ |

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക2.15(Ii) പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം എന്നീ മേഖലകളിലെ ഉൽപ്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 5 ലക്ഷമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താവായ ദേവരാജൻ.എം.എസ് (ഡി. ആർ.എസ് നിവാസ്, നന്നംകുഴി, കട്ടച്ചൽക്കുഴി.പി.ഒ) ന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം ടിയാന്റെ വാർഷിക വരുമാനം 5,92,644/-രൂപയാണ്. സ്പിൽ ഓവറായ പ്രസ്തുത പദ്ധതിപ്രകാരം ദേവരാജൻ.എം.എസ്.-ന് 2023-24 വർഷത്തിൽ ബിൽ നമ്പർ 23020252016100864458പ്രകാരം 2,928/- രൂപ 230202000000020349 പ്രകാരം 14,295/-രൂപ 2024-25 വർഷത്തിൽ ബിൽ നമ്പർ 24020252016100175137 പ്രകാരം 2,036/-രൂപ എന്നിങ്ങനെ ആകെ 19,259/- രൂപ സബ്സിഡി തുകയായി അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/2025 തീ. 23.05.2025) ദേവരാജൻ.എം.എസ് ന്റെ വാർഷിക വരുമാന പരിധി 5ലക്ഷത്തിൽ കൂടുതലായതിനാൽ ടി വ്യക്തിക്ക് നൽകിയ സബ്സിഡി തുകയായ 2,036/- രൂപ (2024-25 വർഷത്തിൽ ബിൽ നമ്പർ 24020252016100175137 പ്രകാരമുള്ളത്) ട്രഷറിയിൽ തിരികെ അടച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നും മറുപടി നൽകി. എന്നാൽ, ടി പ്രോജക്ട് പ്രകാരം സബ്സിഡി ഇനത്തിൽ ആകെ 19,259/-രൂപ കൈപ്പറ്റിയിട്ടുണ്ട്. ആയതിനാൽ ബാക്കി തുകയായ 17,223/- (19259-2036) കൂടി ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-21 കുടുംബാരോഗ്യകേന്ദ്രത്തിലെ താൽക്കാലിക നിയമനങ്ങൾ - സർക്കാർ അനുമതി ലഭ്യമാക്കിയില്ല - ചെലവ് തുക 4,53,850/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 25/25 |
| പ്രോജക്ടിന്റെ പേര് | ശുചിത്വസേന അംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രി ശുചീകരണവും ഒ.പി.ടിക്കറ്റ്, ഇ ഹെൽത്ത് കാർഡ് വിതരണവും |
| | |

| | |
|---|---|
| അടങ്കൽ തുക | 400000/-(തനത് ഫണ്ട്)<br>10000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 371600/-(തനത് ഫണ്ട്)<br>82250/-മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| പ്രോജക്ട് നം.25/25 | | | |
|---|---|---|---|
| ക്രമ നം. | ബിൽ നം./തീയതി | തനത് ഫണ്ട് | നിർവഹണ ഉദ്യോഗസ്ഥൻ |
| 1. | 120/20.07.2024 | 84,000/- | ഡോ. രജിത ഡി.ആർ. |
| 2. | 181/13.08.2024 | 28,800/- | ഡോ. രജിത ഡി.ആർ. |
| 3. | 239/24.09.2024 | 27,200/- | ഡോ. രജിത ഡി.ആർ. |
| 4. | 259/16.10.2024 | 26,000/- | ഡോ. രജിത ഡി.ആർ. |
| 5. | 313/23.11.2024 | 27,600/- | ഡോ. രജിത ഡി.ആർ. |
| 6. | 332/12.12.2024 | 25,600/- | ഡോ. രജിത ഡി.ആർ. |
| 7. | 404/10.01.2025 | 18,400/- | ഡോ. രജിത ഡി.ആർ. |
| 8. | 412/17.01.2025 | 30800/- | ഡോ. രജിത ഡി.ആർ. |
| 9. | 454/06.02.2025 | 33600/- | ഡോ. രജിത ഡി.ആർ. |
| 10 | 660/14.03.2025 | 24400/- | ഡോ. രജിത ഡി.ആർ. |
| 11 | 664/14.03.2025 | 45200/- | ഡോ. ബിജു ആർ.എം. |
| | ആകെ | 371600/- | |
| മെയിന്റനൻസ് നോൺ റോഡ് | | | |
| 12 | 134/22.07.2024 | 22500/- | ഡോ. രജിത ഡി.ആർ. |
| 13 | 180/13.08.2024 | 7500/- | ഡോ. രജിത ഡി.ആർ. |
| 14 | 219/07.09.2024 | 7500/- | ഡോ. രജിത ഡി.ആർ. |
| 15 | 258/16.10.2024 | 7500/- | ഡോ. രജിത ഡി.ആർ. |
| 16 | 285/11.11.2024 | 7500/- | ഡോ. രജിത ഡി.ആർ. |
| 17 | 331/12.12.2024 | 7500/- | ഡോ. രജിത ഡി.ആർ. |
| 18 | 403/10.01.2025 | 7750/- | ഡോ. രജിത ഡി.ആർ. |
| 19 | 455/06.02.2025 | 7500/- | ഡോ. രജിത ഡി.ആർ. |
| 20 | 658/14.03.2025 | 7000/- | ഡോ. ബിജു ആർ.എം. |
| | ആകെ | 82250/- | |

മേൽ പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ബാലരാമപുരം FHC യിൽ 8 താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിനായിട്ടാണ് ഈ പ്രോജക്ട് വച്ചിരിക്കുന്നത്. ഇവരിൽ 4 പേർ (ദീപാമോൾ, ജിജി, രജിത, രാജി) 2024 ജൂൺ മാസം വരെ Data Entry Operator എന്ന തസ്തികയിലും 2024 ജൂലൈ മാസം മുതൽ ഒ.പി/ ഇ ഹെൽത്ത് സ്റ്റാഫ് എന്ന തസ്തികയിലുമാണ് വേതനം കൈപ്പറ്റിയിരിക്കുന്നത്. സമീറാ എന്ന വ്യക്തി ഇ ഹെൽത്ത് സ്റ്റാഫ് എന്ന തസ്തികയിലാണ് വേതനം കൈപ്പറ്റിയിരിക്കുന്നത്. കൂടാതെ 3 പേർ (കമലമ്മ, ചന്ദ്രിക, ഗീതാകുമാരി) ശുചിത്വസേനാംഗങ്ങൾ എന്ന നിലയിൽ പ്രവർത്തിച്ച് വേതനം കൈപ്പറ്റുന്നു. ഇത്രയും

താൽക്കാലിക ജീവനക്കാരെ നിയമിക്കാനുള്ള സാഹചര്യം എന്താണെന്നും ഇവരെ നിയമിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോയെന്നും FHC യിൽ ഇവരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള തസ്തിക നിലവിലുണ്ടോയെന്നും ഇവരുടെ നിയമന രീതി എപ്രകാരമായിരുന്നു എന്നുള്ളതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/25 തീ. 29.05.2025) പഞ്ചായത്ത് വാർഡ് തല പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും ആശുപത്രി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ശുചിത്വസേനാംഗങ്ങളെ നിയോഗിച്ച് കമ്മിറ്റി തീരുമാനം നൽകിയിരുന്നുവെന്നും ആർദ്രം പദ്ധതിയുടെ ഭാഗമായി ബാലരാമപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ 'ഇ-ഹെൽത്ത് ' സംവിധാനം നടപ്പിലാക്കിയപ്പോൾ ഓ.പി. ഇ ഹെൽത്ത് പ്രവർത്തനത്തിനും, UHD കാർഡ് വിതരണത്തിനുമായി 6 പേരെ ശുചിത്വ സേന അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നൽകിയെന്നും മറുപടി നൽകി. ദിവസേന ശരാശരി 400 ഓ.പി. ഉള്ള ആരോഗ്യസ്ഥാപനമായതിനാൽ ഓ.പി. വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിന് ഇത്രയും ജീവനക്കാരുടെ സേവനം ആവശ്യമാണെന്നും ഈ ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടില്ലെന്നും ശുചിത്വ സേനാംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ് ഈ ജോലികൾ ചെയ്യുന്നതെന്നും സ്ഥിരമായ തസ്തികകളിലെ ഒഴിവുകളിലേക്ക് മേൽ പറഞ്ഞ ജീവനക്കാരെ നിയമിച്ചിട്ടില്ലായെന്നും വ്യക്തമാക്കി മറുപടി നല്കിയിട്ടുണ്ട്. സ.ഉ.(പി)28/2016/ധന. തീയതി 26.02.2016, G.O.(P)56/2017/Fin. തീയതി 28.04.2017 G.O.(P)112/2018/Fin. Dtd. 21.07.2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. കൂടാതെ പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)115/2022 തീയതി 28/05/2022) ഖണ്ഡിക 8-6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നല്കാൻ പാടില്ല. ഈ സാഹചര്യത്തിൽ സർക്കാർ അംഗീകാരമില്ലാതെ താല്ക്കാലിക ജീവനക്കാർക്ക് പ്രോജക്ട് വച്ച് ശമ്പളം നല്കിയ ഇനത്തിൽ ചെലവിട്ട 4,53,850/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ടി താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-22 ഹെൽത്ത് ഗ്രാന്റ് - അവലോകനം

ബാലരാമപുരം ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം തിരിച്ച്)

| | |
|---|---|
| 2021-22 | NIL |
| 2022-23 | 632461 |
| 2023-24 | 1580000 |
| 2024-25 | 1197000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | --- | --- | --- | --- |
| 2022-23 | ---- | 385899 | 208864 | 594763 |
| 2023-24 | --- | 1087553 | 266294 | 1353847 |
| 2024-25 | -- | 38940 | 86652 | 125592 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ) ചുവടെ ചേർക്കുന്നു.

Health Grant Diagnostic Infrastructure – 494320/-

Health Grant Conversion To Wellness Centre – 882799/-

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | 1.രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുക | 385899 |
| | 2.എഫ്.എച്ച്.സി. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രോഗ്രാം | 208864 |
| 2023-24 | 1.എഫ്.എച്ച്.സി. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രോഗ്രാം(S0) | 5019 |
| | 2.രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുക(S0) | 32709 |
| | 3.രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുക | 1082534 |
| | 4.എഫ്.എച്ച്.സി. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രോഗ്രാം | 233585 |
| 2024-25 | 1.രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുക | 38940 |
| | 2.എഫ്.എച്ച്.സി. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രോഗ്രാം | 86652 |

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികളൊന്നും സൃഷ്ടിച്ചിട്ടില്ല.

## 1-23 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർഉത്തരവ് നമ്പർ ജി.ഒ (പി) 419/2011/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷവും തൻവർഷവും അനുവദിച്ച വിവിധ മുൻകൂറുകൾ നാളിതുവരെയും ക്രമീരിച്ചിട്ടില്ലായെന്ന് കാണുന്നു. കൂടാതെ സമയപരിധിക്കുശേഷം ക്രമീകരിച്ചിരിക്കുന്ന മുൻകൂറുകൾക്ക് പലിശ ഈടാക്കിയതായും കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) അനുവദിച്ച മുൻകൂറുകളിൽ നാളിതുവരെ ക്രമീകരിക്കാത്തവയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | അനുവദിച്ച തീയതി | അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | ഉദ്ദേശ്യം | തുക |
|---|---|---|---|---|
| 1 | 19.10.23 | മെഡിക്കൽ ഓഫീസർ, FHC | Premonsoon Cleaning (ശുചിത്വ മിഷൻഫണ്ട്) | 100000 |
| 2 | 18.05.24 | മെഡിക്കൽ ഓഫീസർ, FHC | Premonsoon Cleaning (ശുചിത്വ മിഷൻഫണ്ട്) | 100000 |
| 3 | 13.06.24 | മെഡിക്കൽ ഓഫീസർ, FHC | Premonsoon Cleaning (ശുചിത്വ മിഷൻഫണ്ട്) | 100000 |

B) മൂന്ന മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | അനുവദിച്ച തീയതി | അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | ഉദ്ദേശ്യം | തുക | വൗച്ചർ നമ്പർ | ക്രമീകരിച്ച തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 11.06.23 | AE.LSGD | Consulting Charges For Structural Design For Old Age Home | 76700 | 42400210 | 11.07.24 |
| 2 | 25.10.23 | M.O, Homeo | For Health Camp | 15000 | 40000283 | 05.11.24 |
| 3 | 27.02.24 | Assistant Secretary | Sneharamam Project | 5000 | 42400265 | 04.08.24 |

മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ അവലോകനം

സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1),(2) എന്നിവ പ്രകാരം പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൌതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൌഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ്., ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പിന്റെ 3-9-2010 തീയതിയിലെ നമ്പർ 39033/ ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 20/29.05.25 )ക്ക് വിവിധ വർഷങ്ങളിലെ വിവിധ പ്രോജക്ടുകളിലൂടെ നടപ്പിലാക്കി വരുന്നതായി മറുപടി നൽകി. മറുപടി പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 39 അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 18 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 18 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 5 |
| 4 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ | 39 |

മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്ത് അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി - കരാർ കാലാവധി കഴിഞ്ഞും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതും കരാർ കാലാവധി കഴിഞ്ഞും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ പട്ടിക ഓഡിറ്റ് എൻക്വയറി നം. 3 വഴി അന്വേഷിച്ചതിന് ചുവടെ ചേർക്കും വിധം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിഭാഗം | കരാർ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | നിർമാണത്തിന്റെ നിലവിലെ സ്ഥിതി | നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|---|
| 1 | ബിന്ദു പ്രകാശ് | ജനറൽ | 1-2-2023 | 70000 | ബേസ്മെന്റ് പൂർത്തിയാക്കിയിട്ടില്ല | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു. |
| 2 | ഉഷ കുമാരി | ജനറൽ | 30/7/2018 | 300000 | ലിന്റൽ | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 3 | വി ശശിധരൻ | ജനറൽ | 19 -6-2018 | 200000 | ലിന്റൽ | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 4 | ഓമന | Obc | 1-9-2018 | 40000 | ബെയ്സ്മെന്റ് | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 5 | അശ്വതി ബി | Obc | 13 -8 -2018 | 40000 | ബെയ്സ്മെന്റ് | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 6 | മീന | Obc | 14 -8 -2018 | 350000 | ലിന്റൽ | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 7 | ലതിക ജോൺ | Minority | 11-7 -2018 | 350000 | ലിന്റൽ | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 8 | സന്ദീപ് | ജനറൽ | 14 -8 -2018 | 40000 | ബേസ്മെന്റ് പൂർത്തിയാക്കിയിട്ടില്ല | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |
| 9 | സീനത്ത് ബീവി | ജനറൽ | 22-7-2020 | 40000 | ബേസ്മെന്റ് പൂർത്തിയാക്കിയിട്ടില്ല | സാമ്പത്തിക ബുദ്ധിമുട്ട് കാരണം വസ്തു വിൽക്കേണ്ടി വന്നു |
| 10 | ലളിത ബി | ജനറൽ | 16-12-2020 | 40000 | ബേസ്മെന്റ് പൂർത്തിയാക്കിയിട്ടില്ല | സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണി നിർത്തേണ്ടി വന്നു |

ഭവന പൂർത്തീകരണവുമായി ബന്ധപ്പെട്ട് ടി ഗുണഭോക്താക്കളെ നേരിട്ടും ഫോൺ മുഖേനയും വാർഡ് മെമ്പർമാർ മുഖേനയും പലതവണ ബന്ധപ്പെടുകയും നിരന്തരം കത്തുകൾ മുഖേന ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിലേക്കായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതായും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന വളരെ ചുരുക്കം ചില ഭവനങ്ങൾ മാത്രമാണ് പൂർത്തിയാക്കുവാൻ ഉള്ളതെന്നും ടി ഭവനങ്ങൾ പൂർത്തിയാക്കുന്നതിലേക്കായി സി.എസ്.ആർ. ഫണ്ട് ഉൾപ്പെടെ സ്ഥാപനങ്ങളുടെ സഹായസഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട് എന്നതും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മുഴുവൻ ലൈഫ് ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഫയലുകളുടെ പരിപാലനം തൃപ്തികരമല്ല

2024-25 വർഷം വി.ഇ.ഒ. (സർക്കിൾ 1) നടപ്പാക്കിയ പദ്ധതി ഫയലുകളുടെ പരിപാലനം തൃപ്തികരമായ രീതിയിൽ അല്ല നടത്തിയിട്ടുള്ളത്. ബില്ലുകൾ ക്രമ രഹിതമായും ഫയലുകൾ അപൂർണ്ണമായുമാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. ഗഡുക്കളായി

ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. പദ്ധതി നം. 392/2025 ഭവന പുനരുദ്ധാരണം ജനറൽ , 223/25 ചാമവിള വാർഡിലെ 6 എസ്.സി കുടുംബങ്ങളിലെ ഭവന പുനരുദ്ധാരണം, 344/25 വീട് വാസയോഗ്യമാക്കൽ എസ്.സി.പി. എന്നിങ്ങനെ ഗുണഭോക്താക്കൾക്ക് ഗഡുക്കളായി വിഹിതം അനുവദിക്കുന്ന പദ്ധതികളുടെ പരിശോധനയ്ക്ക് ഇത് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഫയൽ പരിപാലനം കൃത്യമായ രീതിയിൽ നടത്താത്തത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 21 വഴി അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ പദ്ധതി ഫയലുകൾ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-27 ബയോ ബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല. 9,35,250/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പദ്ധതി | 328/25<br>ബയോ കംപോസ്റ്റർ ബിൻ | 339/25<br>സോഴ്സ് ലെവൽ സെഗ്രിഗേഷൻ |
| അടങ്കൽ | 1405300<br>(648600- CFC, 648600 കേന്ദ്രാവിഷ്കൃത ഫണ്ട്, 108100 - മറ്റുള്ളവ ) | 305171<br>(മറ്റുള്ളവ-Urban Ugglomaration Fund-Municipal Corparation) |
| ചെലവ് | 479830<br>(CFC ഫണ്ട്) | 305069 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| ബിൽ നം. | 370/ 28-12-2024- 235800.00<br>539/ 04-03-2025- 149030<br>740/ 22-03-2025- 95000 | ചെക്ക് നം. 313867 തീ. 01-11-2024 |

1. പദ്ധതി നം. 328/25 ബയോ കംപോസ്റ്റർ ബിൻ

മേൽ പദ്ധതി പ്രകാരം 500 ബയോ കംപോസ്റ്റർ ബിന്നുകളുടെ വിലയായി 6,40,000/- രൂപ അഗ്രോ ഫ്ലെയിം ഇൻഡസ്ട്രീസ്, ബിൽ നം.1-24 Dt. 11-11-2024 പ്രകാരം ആവശ്യപ്പെട്ടതിൽ 4,79,830/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 500 ബിന്നുകളും കേടുപാടുകൾ ഇല്ല എന്നുറപ്പ് വരുത്തി സ്റ്റോക്കിലെടുത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയതുമില്ല. ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 21 വഴി ആവശ്യപ്പെട്ടതിന് ഈ പ്രോജക്ട് അനുസരിച്ച് 500 ബയോകമ്പോസ്റ്റർ ബിൻ ആണ് ഇറക്കാനുള്ളതെങ്കിലും സ്ഥാപനം കൊണ്ടുവന്ന ബിന്നുകളിൽ 127 എണ്ണം, ഈ ബിന്നുകൾക്കൊപ്പമുള്ള ഇനോക്കുലം എന്നിവ പൊട്ടിപ്പോയതിനാൽ ഈ വിവരം സ്ഥാപനത്തെ അറിയിക്കുകയും അതനുസരിച്ച് മാർച്ച് മാസം അവസാനം ബക്കറ്റും എപ്രിൽ മാസത്തിൽ ഇനോക്കുലവും കൊണ്ടു വന്നതായും പ്രസ്തുത ബിന്നുകൾ ഹരിതകർമ്മസേന വഴി വിതരണം ചെയ്തതായും അറിയിച്ചു. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 500 ബയോ കംപോസ്റ്റർ ബിന്നുകളിൽ 270 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നു കാണുന്നു. വിതരണം പൂർത്തിയാക്കാത്തതിൻ്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 33 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 230 ബിന്നുകളുടെ വിലയായ 2,94,400/- രൂപ (640000/500x230) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിന്നുകളുടെ വിതരണം പൂർത്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2. പദ്ധതി നം. 339/25 സോഴ്സ് ലെവൽ സെഗ്രിഗേഷൻ

5714 ബിന്നുകളുടെ വിലയായി ഫ്ലോറെറ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന 19,99,899/- രൂപയിൽ 16,94,829/- രൂപ 2023-24 ലും അവശേഷിക്കുന്ന 3,05,069/- രൂപ തൻവർഷം പദ്ധതി നം. 339/25 വഴിയും നൽകിയിട്ടുണ്ട്. 5714 ബിന്നുകൾ ഭവനങ്ങളിൽ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 21 വഴി ആവശ്യപ്പെട്ടതിന് 5714 ബിന്നുകളിൽ 3883 ബിന്നുകൾ ഭവനങ്ങളിൽ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വിതരണം പൂർത്തിയാക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 33 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാൻ അവശേഷിക്കുന്ന 1831 ബിന്നുകളുടെ വിലയായ 6,40,850/- രൂപ (1999899/5714x1831) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബിന്നുകളുടെ വിതരണം പൂർത്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഹരിത സഹായ സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല. 44,304/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പദ്ധതി | 12/25,<br>ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീസ് നൽകൽ | 341/25<br>ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീസ് നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | 290472<br>(CFC ഫണ്ട് ) | 48412<br>(CFC ഫണ്ട് ) |
| ചെലവ് | 242060 | 48412 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| ബിൽ നം. | 596/10-03-2025- 1,45,236/-<br>597/10-03-2025- 96,824/- | 460/06-02-2025- 48412 |

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഹരിതസഹായ സ്ഥാപനമായ നിയോ എനർജി എന്ന സ്ഥാപനത്തിന് 2023 നവംബർ മുതൽ 2024 ഒക്ടോബർ മാസം വരെയുള്ള കൺസൾട്ടിംഗ് ഫീസായി ആകെ 2,90,472/- രൂപ (24206/12) പദ്ധതി നം. 12/25, 341/25 എന്നിവ വഴി നൽകിയിട്ടുണ്ട്.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/3/2020 ലെ 331/സി.5/2019 / എസ്.എം. ഉത്തരവ് പ്രകാരം ഹരിതസഹായ സ്ഥാപനത്തിന് അനുവദിക്കാവുന്ന പ്രതിമാസ തുക 24,206/- രൂപയാണ്. ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| CONSULTING FEE | | | TRAVEL AMOUNT | | | OFFICE EXPENDITURE | | | GRAND TOTAL |
|---|---|---|---|---|---|---|---|---|---|
| ACTUAL FEE WITHOUT GST | GST AMOUNT | TOTAL CONSULTANT FEE | TRAVEL AMOUNT WITHOUT GST | GST AMOUNT | TOTAL TRAVEL AMOUNT | OFFICE EXPENDITURE WITHOUT GST | GST AMOUNT | TOTAL OFFICE EXPENDITURE | |
| 14528 | 2615 | 17143 | 4774 | 859 | 5634 | 1211 | 218 | 1429 | 24206 |

അനുവദനീയമായ 24,206/- രൂപയിൽ 3,692/- രൂപ ജി.എസ്.ടി. തുകയാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള ഫയലിൽ സ്ഥാപനത്തിന് കൈമാറിയ 2,90,472/- രൂപയുടെ ജി.എസ്.ടി. ഇൻവോയിസ് ലഭ്യമല്ല. സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള പ്രഫോമ ഇൻവോയിസുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരുന്നത്. പ്രസ്തുത ഇൻവോയിസുകളിലൊന്നും തന്നെ

സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ വിവരം ചേർത്തിട്ടില്ല. സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീസ് ഇനത്തിൽ കൈമാറിയ തുകയുടെ GST ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 21 വഴി ആവശ്യപ്പെട്ടതിന് മറ്റൊരു ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയെങ്കിലും പ്രസ്തുത ഇൻവോയിസിലും സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ ചേർത്തിട്ടില്ല. ആയതിനാൽ ജി.എസ്.ടി. തുക ഈടാക്കാൻ അർഹതയുള്ള സ്ഥാപനത്തിന് തന്നെയാണ് ജി.എസ്.ടി. തുക നൽകിയിരിക്കുന്നതെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടില്ല. ഇക്കാരണത്താൽ ഹരിതസഹായ സ്ഥാപനത്തിന് ജി.എസ്.ടി ഇനത്തിൽ കൈമാറിയ 44,304/- രൂപ (3692X12) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ, GST തുക സ്ഥാപനം സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | 329/25<br>ഗാർഹിക ബയോഗ്യാസ് പ്ലാന്റ് |
| അടങ്കൽ | 652050<br>(CFC - 578528, തനത് ഫണ്ട് - 8294, മറ്റുള്ളവ - 65228) |
| ചെലവ് | 3,50,000/-<br>(CFC) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 |
| ബിൽ നം. | 654/ 14-03-2025- 150000<br>713/ 19-03-2025- 200000 |

ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 എണ്ണം ബയോഗ്യാസ് പ്ലാന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ശാന്താ പോളിമേഴ്സ് എന്ന സ്ഥാപനം ലഭ്യമാക്കിയ 5,20,800/- (10416 X 50) രൂപയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ (ഇൻ.നം. 62/28-2-25) 3,50,000/- രൂപ തൻ വർഷം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനക്ഷമമാക്കിയതിന്റെയും യാതൊരു വിധ രേഖയും ലഭ്യമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമല്ല. ആയതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച പൂർണ്ണമായ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 21 വഴി ആവശ്യപ്പെട്ടതിന് ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ വച്ചെങ്കിലും സർക്കാർ ഉത്തരവ് പ്രകാരമുള്ള ജിയോ ടാഗിംഗ് നടത്തിയിട്ടില്ലെന്നും ആയതിനാൽ പൂർണ്ണമായ തുക നൽകിയിട്ടില്ല എന്നു മാത്രം മറുപടി നൽകി. 50 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനക്ഷമമാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കുന്നതുവരെ പദ്ധതി വഴി ചെലവഴിച്ച 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബയോഗ്യാസ് പ്ലാന്റുകൾ മുഴുവനായി പ്രവർത്തനക്ഷമമാക്കി അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 വനിതകൾക്ക് ഇനോക്കുലം നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം- വിനിയോഗിക്കാതെ അവശേഷിക്കുന്ന 38,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | 72/25 വനിതകൾക്ക് ഇനോക്കുലം നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം |
| അടങ്കൽ | 50,000/- (വികസന ഫണ്ട് , പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. സർക്കിൾ 1 |
| ബിൽ നം. | 702/18-3-2025 |

സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതിയുടെ ചെലവ് 50,000/- രൂപയാണ്. പ്രസ്തുത തുക വനിതാ ഗ്രൂപ്പായ ഹരിതം ഗ്രൂപ്പിന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്. വനിതകളുടെ ഇനോക്കുലം നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിലേക്കായാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ഇനോക്കുലം സ്വന്തമായി ഉൽപാദിപ്പിക്കുന്നതിന് പകരം പുറത്തു നിന്ന് വാങ്ങുന്ന രീതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ലഭ്യമായ രേഖകൾ പ്രകാരം ആകെ 12,000/- രൂപയാണ് ധനുവച്ചപുരത്തെ ജൈവ വിഭവ വികസന കേന്ദ്രത്തിൽ നിന്നും ഇനോക്കുലം വാങ്ങുന്നതിലേക്കായി ഇപ്രകാരം ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനോ തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 33 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ ശേഷം അവശേഷിക്കുന്ന 38,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക ഇനോക്കുലം നിർമ്മാണത്തിനായി വിനിയോഗിക്കുകയോ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 15,160/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | 338 /25<br>അജൈവ പാഴ് വസ്തുക്കൾ നീക്കം ചെയ്യൽ |
| അടങ്കൽ | 2,98,000/-<br>CFC ടൈഡ് ഫണ്ട് |
| ചെലവ് | 86,390/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 |
| ബിൽ നം. | 485/10-022025-19110<br>116/18-072024- 55160.00<br>118/ 18-072024- 12120 |

അജൈവ മാലിന്യം നീക്കം ചെയ്ത വകയിൽ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി നം.338/25 വഴി ക്ലീൻ കേരള കമ്പനി, ഗ്രീൻ വേംസ് എകോ സൊല്യൂഷൻസ് എന്നീ സ്ഥാപനങ്ങൾക്കായി ആകെ 86,390/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആകെ 71,230/- രൂപയുടെ ഇൻവോയിസുകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. 15,160/- രൂപയുടെ ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ ഇൻവോയിസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

<u>ഗ്രീൻ വേംസ്</u> ,

15610 - Gw/23-24/PC844 Dt.29-2-24

12120- Gw/23-24/PC 573 Dt. 30-11-23

<u>ക്ലീൻ കേരള കമ്പനി</u>

28500-Tvm/23-24/59 Dt. 31-10-2023

15000- Tvm/23-24/85 Dt. 7-11- 23

തുക നൽകിയത് സാധൂകരിക്കുന്ന മുഴുവൻ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.21 വഴി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 15,160/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ചെലവ് രേഖകൾ ഹാജരാക്കിയില്ല. 4,09,489/- രൂപ തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.21, ഓഡിറ്റ് എൻക്വയറി നം.33 എന്നിവ വഴി ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 14/25 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ | 250000 (CFC ഫണ്ട്) | 117740<br>(ബിൽ നം. 679/ 15-03-2025- 46740,<br>505/15-022025-71000) |
| 2 | 445/25 മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ ഐ. ഇ. സി പ്രവർത്തനങ്ങൾ | 500000 (മറ്റുള്ളവ -IEC Works Related To Waste Management-Urban Ugglomaration Fund) | 291749<br>(17580- ചെക്ക് നം. 313869 /21-11-2024<br>3150- ചെക്ക് നം. 313869 /21-11-2024<br>8,254- ചെക്ക് നം. 313877 , തീയതി:31-01-2025<br>25135- ചെക്ക് നം 313877 , തീയതി:31-01-2025<br>5458, ചെക്ക് നം. 313877 , തീയതി:31-01-2025<br>12000- ചെക്ക് നം. 3886 , തീയതി:17-03-2025,<br>21672 -ചെക്ക് നം. 313897 , തീയതി:29-03-2025<br>100000 ചെക്ക് നം. 313897 , തീയതി:29-03-2025 |

| | | | |
|---|---|---|---|
| | | | 98500- ചെക്ക് നം. 3113897 , തീയതി:29-03-2025) |
| | | ആകെ | 409489 |

ചെലവ് രേഖകളുടെ അഭാവത്തിൽ ടി പദ്ധതികൾ വഴി ചെലവഴിച്ച 4,09,489/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതികൾ സംബന്ധിച്ച മുഴുവൻ രേഖയും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14 (3) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്തിൽ ലഭിച്ച് ഒരു മാസത്തിനുള്ളിൽ പഞ്ചായത്തിന്റെ ഒരു പ്രത്യേക യോഗം കൂടേണ്ടതും, റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനങ്ങളെടുക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

1.2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-12 ൽ MCF ന്റെ പ്രവർത്തനം സംബന്ധിച്ച് ചുവടെ ചേർക്കും വിധം പരാമർശിച്ചിട്ടുണ്ട്.

"ശുചിത്വമിഷൻ മാനദണ്ഡങ്ങൾ പ്രകാരം ടിപ്പിംഗ് ഏര്യ, സോർട്ടിംഗ് ഏര്യ, സ്റ്റോറേജ് എന്നിവയ്ക്കായി പ്രത്യേകം സ്ഥലം നീക്കിവയ്ക്കാവുന്ന സ്ഥല ലഭ്യത നിലവിലുള്ള MCFന് ഇല്ല. കൂടാതെ Bailing Machine, Sorting Table, Conveyer Belt എന്നിവയൊന്നും ഇവിടെ സ്ഥാപിച്ചിട്ടില്ല. സ്ഥലപരിമിതി കൊണ്ട് ബുദ്ധിമുട്ടുന്ന MCFൽ നിലവിൽ തരം തിരിക്കൽ ഒന്നും തന്നെ നടക്കുന്നില്ല. അതുകൊണ്ട് തന്നെ ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കളെ തരം തിരിച്ച് നല്കാൻ കഴിയാത്തത് മൂലം നിലവിൽ കൺസോർഷ്യത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്"

പ്രസ്തുത പരാമർശത്തിന്മേൽ MCF ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള അനന്തര നടപടികൾ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 21 വഴി അന്വേഷിച്ചതിന് പഞ്ചായത്തിന് സ്വന്തമായി MCF ഇല്ലെന്നും പഞ്ചായത്തിന്റെ കെട്ടിടത്തിന്റെ കാർ ഷെഡിലാണ് MCF പ്രവർത്തിക്കുന്നതെന്നും ആയതിനാൽ ഹരിതകർമ്മസേനയ്ക്ക് പ്ലാസ്റ്റിക് തരം തിരിക്കാൻ സാധിക്കുന്നില്ല എന്നും മറുപടി നൽകി.

ഗ്രാമ പഞ്ചായത്തിനോട് ചേർന്ന് പ്രവർത്തിക്കുന്ന നിലവിലെ MCF ൽ മാലിന്യങ്ങൾ കുന്നു കൂടിയ നിലയിലാണ് ഓഡിറ്റ് വേളയിൽ കാണപ്പെട്ടത്. മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് മെച്ചപ്പെട്ട സ്ഥല സൗകര്യമുള്ള കെട്ടിടത്തിലേക്ക് MCF ന്റെ പ്രവർത്തനം മാറ്റേണ്ടതായുണ്ട്. ഭരണ സമിതിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-12 ൽ 94768/-രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്ഥാപിച്ച 2 സാനിട്ടറി പാഡ് ഡിസ്ട്രോയറുകൾ പ്രവർത്തനക്ഷമമാക്കിയില്ല എന്നു പരാമർശിച്ചിരുന്നു. സ്വിച്ച് ഓൺ ചെയ്യുമ്പോൾ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതിയും ഓഫ് ആയി പോകുന്നതിനാലാണ് ആയത് പ്രവർത്തനക്ഷമമാക്കാത്തത് എന്നതാണ് മുൻ വർഷം ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി. നിലവിൽ സാനിട്ടറി പാഡ് ഡിസ്ട്രോയറുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 21 വഴി അന്വേഷിച്ചതിന് പ്രസ്തുത യൂണിറ്റ് വർക്കിംഗ് ആണെന്ന് മറുപടി നൽകി. എന്നാൽ പഞ്ചായത്ത് ജീവനക്കാർക്കിടയിൽ അന്വേഷിച്ചതിൽ യൂണിറ്റ് നിലവിൽ ഉപയോഗിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല. Wiring ലെ പോരായ്മ പരിഹരിച്ച് സാനിട്ടറി പാഡ് ഡിസ്ട്രോയറുകൾ ഉപയോഗപ്പെടുത്താത്തതിന്റെ

കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 33 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാനിട്ടറി പാഡ് ഡിസ്ട്രോയറുകൾ പ്രവർത്തനക്ഷമമാക്കാൻ തുടർനടപടി സ്വീകരിച്ച് പ്രവർത്തനാസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-34 തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചില്ല 51,283/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | 347/25<br>വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 1,00,000/- മെയിന്റനൻസ് ഫണ്ട് , റോഡിതരം |
| ചെലവ് | 51,283/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം. | 442/3-2-2025 |

കെൽട്രോൺ ലഭ്യമാക്കിയ പ്രഫോമയുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 51,283/- രൂപ 3-2-2025 ൽ സ്റ്റേറ്റ് IT മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കംപ്യൂട്ടർ കൈപ്പറ്റി സ്റ്റോക്കിലെടുത്തതിന്റെയോ ആയത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. നിലവിൽ കംപ്യൂട്ടർ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറി നം. 23 വഴി അന്വേഷിച്ചതിന് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുമ്പോൾ തുക കൈമാറിയതിന് ശേഷമേ വർക്ക് ഓർഡർ കൊടുക്കാൻ കഴിയുമായിരുന്നുള്ളൂ എന്നും വർക്ക് ഓർഡർ/സപ്ലൈ ഓർഡർ കെൽട്രോണിന് CPRCS വഴി നൽകിയിട്ടുണ്ടെന്നും എന്നാൽ നാളിതു വരെ കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല എന്നും മറുപടി അറിയിച്ചു. പദ്ധതി വഴി വാങ്ങാൻ ഉദ്ദേശിച്ച കമ്പ്യൂട്ടർ നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി വഴി ചെലവഴിച്ച 51,283/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടർ ലഭിക്കുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 മരാമത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

2024-25 വർഷത്തെ വാർഷിക പദ്ധതികണക്കുകൾ പരിശോധിച്ചതിൽ അസി.എഞ്ചിനീയറെ 143 പ്രോജക്ടുകളുടെ നിർവ്വഹണചുമതല ഏൽപ്പിക്കപ്പെട്ടിരുന്നതായി കാണുന്നു. എന്നാൽ വിവിധങ്ങളായ ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് ആവിഷ്കരിക്കപ്പെട്ട് തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 60 പ്രോജക്ടുകൾക്ക് ആണ് തുക ചെലവഴിച്ചിരിക്കുന്നത്. 4,50,90,375/-രൂപ പദ്ധതി അടങ്കലിൽ 1,46,95,066/- മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയ തുകയുടെ 32.59% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ സാമ്പത്തിക വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല. മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം നിഷേധിക്കപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവർത്തികൾ നടപ്പിലാക്കാത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/25ന് മറുപടി നല്കിയില്ല. മേൽ പ്രവൃത്തികൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ വേണ്ട അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-36 മിനി എം.സി.എഫ് സ്ഥാപിക്കൽ-ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ടിന്റെ പേര്- വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ

പ്രോജക്ടിന്റെ നമ്പർ-268/25

അടങ്കൽ തുക-611169

ചെലവ് തുക-510581(Try Bill No.11/25 Dtd 8.7.24)

എഗ്രിമെന്റ് നമ്പർ-69/AE/LSGD/BLPM/2022-23 Dtd16.3.23

EMBook No.LSGD/CELSGD/EST/99911/2022 5.1.1

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഹരിത കേരള മിഷൻ നടപ്പിലാക്കി വരുന്ന മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ ഹരിത കർമ്മസേന വിവിധയിടങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യം നിക്ഷേപിക്കുന്നതിന് മിനി എം.സി.എഫ്. സ്ഥാപിക്കുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം മാലിന്യ നിക്ഷേപിക്കുന്നതിന് മേൽക്കൂരയോടുകൂടിയ മിനി എം.സി.എഫ്-കൾ പഞ്ചായത്തിലെ 11വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2024-25 അസി.എഞ്ചിനീയർ നിർവ്വഹണോദ്യേഗസ്ഥനായ വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 30.05.25 ന് നടത്തിയ സ്ഥലപരിശോധനയിൽ ഇ.എം. ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന അളവുകൾ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഹരിത കർമ്മസേന വീടുകളിൽ നിന്നെടുക്കുന്ന മാലിന്യം പ്രധാന എം.സിഎഫ്-ൽ കൊണ്ടു പോകുന്നതിനു മുൻപ് സംഭരിക്കാനുള്ള ഇടമാണ് വാർഡുതോറുമുള്ള മിനി എം.സി.എഫ്.മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ ഒരു സംഭരണ കേന്ദ്രത്തിൽ നിന്നുപോലും പ്ലാസ്റ്റിക്ക് മാലിന്യം MCFലേക്ക് സമയബന്ധിതമായി നീക്കം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇതു കാരണം ചാക്ക്കെട്ടുകളിലാക്കിയ പ്ലാസ്റ്റിക്ക് മാലിന്യം ഈകേന്ദ്രങ്ങളുടെ അകത്തും പുറത്തുമായി കെട്ടികിടക്കുകയാണ്. ഇത്തരത്തിൽ മാലിന്യം കെട്ടികിടക്കുന്നത് മൂലം പരിസ്ഥിതി മലിനീകരണം, രോഗങ്ങൾ എന്നിവ ഉണ്ടാകാനിടയുണ്ട്.

മാലിന്യം ശേഖരിക്കുന്നതിലും, തരംതിരിക്കുന്നതിലും, യഥാസമയം നീക്കം ചെയ്യുന്നതിലും, ഹരിതകർമ്മസേനയ്ക്കും, ആവശ്യമായ സൗകര്യങ്ങളോടുകൂടിയ MCF സ്ഥാപിക്കുന്നതിൽ പഞ്ചായത്ത് അധികൃതർക്കും വീഴ്ച സംഭവിച്ചതായി കാണുന്നു. കെട്ടികിടക്കുന്ന മാലിന്യങ്ങൾ നീക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.






മിനി എം.സി.എഫ്
ബാലരാമപുരം ഗ്രാമപഞ്ചായത്ത്







**<u>1-37 അംഗൻവാടികൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ- ക്വട്ടേഷൻ തുകയേക്കാൾ കൂടുതൽ നൽകി - 5,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

പദ്ധതി- അംഗൻവാടികൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ

പദ്ധതി നം -332/25

അടങ്കൽ - 330000/-

ചെലവ്- 330000/-

ഫണ്ട്- മെയിന്റനൻസ് (നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നം - 82/09.07.24- 330000/-

അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Kerala State Cooperative Consumers Federation Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള KENT ന്റെ വാട്ടർ പ്യൂരിഫയർ 14,750/- നിരക്കിൽ വാങ്ങാൻ കമ്മിറ്റി തീരുമാനിക്കുകയും നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്ത ആയതിൻ പ്രകാരം 22 എണ്ണം KENT ന്റെ വാട്ടർ പ്യൂരിഫയർ 14,750/- നിരക്കിൽ (14750*22= 324500) വാങ്ങിയിട്ടുമുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ച നൽകിയപ്പോൾ 3,30,000/- രൂപ നൽകിയിട്ടുണ്ട്. അംഗീകരിച്ച ക്വട്ടേഷൻ തുകയെക്കാൾ അധികമായി തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ വാങ്ങിയ വാട്ടർപ്യൂരിഫയറുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/30.05.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയ തുക (5500/-രൂപ) തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കുകയോ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യക്കേണ്ടതാണ്.

1)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 28 | 114000 | 114000 | Nil | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2)മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| Nil | | | | | |

3)മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| Nil | | | | |

4)മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| Nil | | | | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 0 | 100000 | 78/25 വാഴകൃഷി വികസനം-ബാലരാമപുരം | 100000 | 0 |
| | | 0 | 950000 | 66/25 ലൈഫ് എസ്സ്.സി | 950000 | 0 |
| | | 0 | 500000 | 397/25 ഭവനപുനരുദ്ധാരണം എസ്സ്.സി | 500000 | 0 |
| | | 0 | 748500 | 95/25 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 748500 | 0 |
| | | 0 | 342169 | 16/25 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 342169 | 0 |
| | | 0 | 164083 | 249/25 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 164083 | |
| | | 0 | 290924 | 93/25 അംഗൻവാടി പോഷകാഹാരം-ജനറൽ | 290924 | 0 |
| | | 0 | 25960 | 34/25 വൃദ്ധസദനം പൂർത്തീകരണം | 25960 | 0 |
| | | 0 | 306937 | 273/25 അംഗൻവാടി (39-ാംനമ്പർ) കെട്ടിടനിർമ്മാണം പൂർത്തീകരണം | 306937 | 0 |
| | | 0 | 1076804 | 238/25 വൃദ്ധസദനം തുടർപ്രവർത്തനം | 1076804 | 0 |
| | | 0 | 178736 | 86/25 അതിദരിദ്രർക്ക് ഭക്ഷണം | 178736 | 0 |
| | | 0 | 210000 | 61/25 ലൈഫ് ജനറൽ | 210000 | 0 |
| | | 1328238 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1328238 |
| ആകെ | | 1328238 | 4894113 | | 4894113 | 1328238 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 0 | 70000 | 241/25 ഹരിതഭവനം | 70000 | 0 |
| | | 0 | 70000 | 151/25 ഹരിതഭവനം ബാലരാമപുരം | 70000 | 0 |
| | | 0 | 570000 | 95/25 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 570000 | 0 |
| | | 1,000,000 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1,000,000 |
| ആകെ | | 1,000,000 | 710000 | | 710000 | 1,000,000 |
| മുൻസിപ്പൽ കോർപ്പറേഷൻ | | 0 | 291749 | 445/25 മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിവിധ ഐ.ഇ.സി പ്രവർത്തനങ്ങൾ | 291749 | 0 |
| | | 0 | 305069 | സോഴ്സ് ലെവൽ സെഗ്രിഗേഷൻ | 305069 | 0 |
| | | 900181 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 900181 |
| ആകെ | | 900181 | 596818 | | 596818 | 900181 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2023-24 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2024-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1328238 | 4510476 | 5838714 | 4894113 | 944601 | 1918745 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,000,000 | 710000 | 1710000 | 710000 | 1,000,000 | 1,000,000 |

| | | | | | | |
|---|---|---|---|---|---|---|
| മുൻസിപ്പൽ കോർപ്പറേഷൻ | 900181 | 291749 | 1191930 | 596818 | 595108 | 900181 |

സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക്, മുൻസിപ്പൽ കോർപ്പറേഷൻ വിഹിതമിനത്തിലെ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-6, 1-1-7 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 448/25സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 47666 | 0 | 47666 |
| | 374/25 ലൈൻ എക്സ്റ്റൻഷൻ പോസ്റ്റ് ഷിഫ്റ്റിംഗ് | 648351 | 0 | 648351 |
| | ആകെ | 696017 | 0 | 696017 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2023-24 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2024-25 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | 2024-25 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 26,55,041. | 6,96,017 | 33,51,058 | 44,628 | 33,06,430 |
| കേരള വാട്ടർ അതോറിറ്റി | 45,58,700 | - | 45,58,700 | 35,21,244 | 14,37,658 |

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകളിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച തുകകൾ പൂർണ്ണമായും വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-8 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 |
|---|---|---|---|---|---|---|

| | | ബാക്കിയുണ്ടായിരുന്ന തുക | (RP -31 പ്രകാരം) | (സുലേഖ ചെലവ് പത്രിക പ്രകാരം) | | ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| KURDFC | ജി.ഒ. (എം.എസ്) 47/2020/LSGD തീയതി 17.03.20 | 4,50,88,365 | 3,25,848 | 51,89,011 | 4,02,25,202 | 4,02,25,202 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2013-14 | അദ്ധ്യായം 6 ലഘു അവലോകന റിപ്പോർട്ട് 6.2.3 | വാടക /ലൈസൽസ് ഭീമമായ കുടിശ്ശിഖ വ്യവഹാരങ്ങൾ നീളുന്നു. | തീർപ്പാക്കിയിട്ടില്ല |
| | | 2014-15 | 5-7-1 | മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയെ അവഗണിക്കുന്നു | തീർപ്പാക്കിയിട്ടില്ല |
| | | | 5-7-7 | ബീജധാര ഉപകേന്ദ്രമുണ്ട് മൃഗചികിത്സയില്ല | |
| | | | 5-7-8 | തൊഴുത്തുകളുടെ അവസ്ഥ ശോചനീയം | |
| | | | 5-7-9 | മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം | |
| | | | 5-7-10 | ക്ഷീര സഹകരണസംഘങ്ങളും ക്ഷീര വിപണനവും -കുളമ്പ് രോഗം | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 29468050 |
| ഓഡിറ്റ് വർഷത്തെ വരവ് | 79800031 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66991611 |
| നീക്കിയിരിപ്പ് | 42276470 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **54,85,549** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1000060 | ശ്രീമതി സ്നേഹ റൂബൻ, കൃഷി ഓഫീസർ |
| 1-17 | 350000 | ഡോ. സുവീണ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-18 | 119413 | ശ്രീ. അജിത് കുമാർ വി.ആർ., സെക്രട്ടറി |
| | 600000 | |
| | 400000 | |
| | 47666 | ശ്രീ. ബിനുകുമാർ.സി.വി, സെക്രട്ടറി |
| | 33779 | |
| | 112521 | |
| | 502051 | |
| 1-20 | 17223 | ശ്രീ. രതീഷ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-21 | 401650 | ഡോ. രജിത ഡി.ആർ., മെഡിക്കൽ ഓഫീസർ |
| | 52200 | ഡോ. ബിജു ആർ.എം., മെഡിക്കൽ ഓഫീസർ |
| 1-27 | 935250 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-28 | 44304 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-29 | 350000 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-30 | 38000 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-31 | 15160 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-32 | 409489 | ശ്രീമതി സന്ധ്യ വി.ഇ.ഒ. 1 |
| 1-34 | 51283 | ഡോ.മൃദുല , വെറ്ററിനറി സർജൻ |
| 1-37 | 5500 | ശ്രീമതി രുഗ്മിണി റ്റി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | **54,85,549** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി സ്നേഹ റൂബൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ഷാരോൺ, പരുത്തിച്ചകോണം ബാലരാമപുരം പി.ഒ. |
| ഡോ.സുവീണ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ),ബാലരാമപുരം ഗ്രാമപഞ്ചായത്ത് | കന്നിപ്പുറം വീട്, കന്നിപ്പുറം റോഡ്, നെയ്യാറ്റിൻകര. |
| ശ്രീ. അജിത് കുമാർ വി.ആർ. സെക്രട്ടറി | സെക്രട്ടറി, വിളപ്പിൽഗ്രാമപഞ്ചായത്ത് | രവീന്ദ്രം, ദളവ റോഡ്, കുമാരപുരം തിരുവനന്തപുരം |
| ശ്രീ.ബിനുകുമാർ.സി.വി സെക്രട്ടറി | സെക്രട്ടറി, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ദൈമ, പിആർ.എ-1,മണ്ണാമൂല റോഡ് പേരൂർക്കട,തിരുവനന്തപുരം |
| ശ്രീമതി സന്ധ്യ വി.ഇ.ഒ 1 | വി.ഇ.ഒ.1, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ശങ്കരി നിവാസ്, പൂവനിയൂർ, വലിയറത്തല, മച്ചേൽ |
| ശ്രീ. രതീഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | രതീഷ് നിലയം, ഒലിപ്പനട, നരുവാമൂട്. പി.ഒ |
| ഡോ. മൃദുല | വെറ്ററിനറി സർജൻ | പ്രവീൺ ഹൗസ്, മലയിൻകീഴ്, മലയിൻകീഴ് പി.ഒ. |
| ശ്രീമതി രുഗ്മിണി റ്റി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പെൻഷണർ | രേഷ്മ ഭവൻ, പടർന്ന പ്ലാവിള, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഫോൺ – 7012981186 |
| ഡോ. രജിത ഡി.ആർ., മെഡിക്കൽ ഓഫീസർ | എഫ്.എച്ച്.സി., ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ഡി.ആർ. ഫോണക്സ്, റ്റി.സി.52/254, കൈമനം, പാപ്പനംകോട് പി.ഒ. |
| ഡോ. ബിജു ആർ.എം., മെഡിക്കൽ ഓഫീസർ | എഫ്.എച്ച്.സി., ബാലരാമപുരം ഗ്രാമപഞ്ചായത്ത് | റ്റി.സി.54/649, നടുവാത്ത് ഹൗസ്, കാരയ്ക്കാമണ്ഡപം പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2004-05 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1 (3-10) |
| 2005-06 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 2 (3-5, 3-6) |

| | | |
|---|---|---|
| 2006-07 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-1 (3), 2-5 (2),<br>3-3, 3-4, 3-7) |
| 2007-08 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1<br>(2-2) |
| 2012-13 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(3-7, 3-9, 3-13) |
| 2013-14 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 4<br>(2-3, 3-2, 3-7, 3-13) |
| 2014-15 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-2, 3-10 (സി), 3-10 (ഡി),<br>3-11 (സി), 3-14) |
| 2015-16 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(2-6, 3-4, 3-10) |
| 2016-17 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 7<br>[2-5, 3-1, 3-4, 3-6,<br>3-7, 3-10 (1), 3-10 (2)] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018 തീയതി 19.02.2019 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/404/2020 തീയതി 21.01.2021 | 19 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/899/2021 തീയതി 09.11.2022 | 7 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/689/2022 തീയതി 03.06.2022 | 33 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/67/2023തീയതി 04.03.2023 | 31 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1158/2023 തീയതി 15.10.2023 | 33 |
| 2023-24 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1030/2024 തീയതി 03.09.2024 | 17 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 08-05-2025 and submitted on 13-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Balaramapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Balaramapuram Grama Panchayat as on 31-03-2025

**Date: 19/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Balaramapuram Grama Panchayat for the Year 2024-2025.

## 1.Major Observations

Nil

## 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit
eg. ratios, notes on account.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.
3. The valuation of stocks and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet under Stock in hand (inventories).
4.Non disclosure of expenses due- outstanding expenses such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expenses due (B-9).

5. No monthly demand is being raised for revenue items such as property tax and profession tax.

6.Utilization certificate was given by Kerala Water Authority for an amount of 35,21,244/- received for deposit work. However, only 31,21,042/- has been accounted for in the annual financial statements. In response to the audit Enquiry (7/24.5.2025), it has been clarified that the amount included in the accounts pertains only to the total cost of work done, as per the utilization certificate received and Centage Charge and Publicity Charge were not included in the accounts. This discrepancy needs to be rectified.

7.The loan register presented for verifying the receipts and expenditures under the KURDFC loan has not been updated.

8.On verification of the reconciliation statement of the e-Payment Account (SBI -37296851063) for March 2025, an amount of 10,896/- has been recorded as Cheque deposited but not cleared for the period from 11.09.2023 to 28.12.2024.

1. On verification of the reconciliation statement of the Kerala Bank Own Fund account (102912803000016) for March 2025, a cheque amounting to 2,500/- dated 26.12.2024 (Cheque No. 500010) has also been shown as Cheque deposited but not cleared.

In response to the audit Enquiry (7/24.5.2025) seeking clarification regarding the nature of these amounts and the reason for not accounting them as Panchayat revenue, it has been stated that:

- For the e-Payment account, instead of reconciling the exact transaction amounts for the specific period (11.09.2023 to 28.12.2024), only consolidated figures for other months were used during reconciliation, which is why the 10,896/- is still unreconciled.

- Regarding the 2,500/- cheque under the Profession Tax head, it was informed that the cheque had expired and has since been revalidated. Arrangements are being made to credit the amount.

9.The details of the Indian Bank account (7180880611), opened for the utilization of the Health Grant (Building), have not been included in the annual financial statements.

10. As per Schedule RP-40(b) of the Receipt and Payment Account, an amount of 3,028/- has been shown as transferred to the Treasury Own Fund VPF2 (old) Account No. 1234. However, the corresponding bank statement and reconciliation statement have not been produced for audit.

11. An amount of 23,227/- has been reduced from the property tax demand under the head *"Prior Period Income Property Tax"* in the Income & Expenditure Statement, representing *non-residential arrear demand*. However, supporting documents justifying this reduction have not been made available for audit verification.

In response to the audit Enquiry (30/30.5.2025), it was informed that the reduction in demand was due to a journal entry made to reconcile the property tax figures in the *Sanchaya* software with the figures in the annual financial statements. It was also informed that the corresponding sub-journal is not currently available in the ILGMS system at the time such journal entries were made.

12. There is a mismatch between the figures reported in the Annual Financial Statement and those available in the *Sanchaya* software regarding the collection and balance of property tax on residential and non-residential buildings.
13. As per Rule 58(e) of the Kerala Panchayat Raj (Accounts) Rules, monthly reconciliation must be done between the ledger balances and the corresponding registers maintained under each account head.

14. Upon examination of the ledger under the head 140400199 Other Fees in Schedule RP-4, certain receipts of the institution have been incorrectly classified under this head. An example is given below:

| Sl. No. | Receipt No./Date | Amount | Correct Revenue Head/Item |
|---|---|---|---|
| 1 | 124040252 / 31.08.20 | 525 | 140200110 Penalties and Fines (Ownership Change) |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്